# കേരളമോഡൽ പ്രതിസന്ധി

എസ്. കാച്ചപ്പിള്ളി



# കേരളമോഡൽ പ്രതിസന്ധി

(2010 എഡിഷൻ)

എസ്. കാച്ചപ്പിള്ളി

——— വിതരണം ———

സംസ്ക്കാര നായരമ്പലം

കൊച്ചി - 682 509

വില : 50 രൂപ

മറ്റു കൃതികൾ

ഒറ്റമുറിവീട് - കഥകൾ

ഒരു ബുദ്ധിജീവിയും കുറെ
അനുയായികളും - കഥകൾ

Kerala Model Prathisandhi -
Essays - Malayalam (2010 edition)

Author : **s.kachappilly**

Phone : 0484 – 2492784

E-mail : sebastiankachappily@yahoo.com

Publishers : Samskara Nayarambalam,
Kochi – 682 509

Published on : March 2010

Distribution : Samskara Nayarambalam,
Kochi – 682 509

Rs. 50/-

# ഉള്ളടക്കം

1. കേരള മോഡൽ പ്രതിസന്ധി
2. ഉന്നത വിദ്യാഭ്യാസവും വാണിജ്യവും
3. പ്രൊഫഷണൽ വിദ്യാഭ്യാസം സൗജന്യമോ ?
4. മിശ്രവിവാഹവും പ്രതിസന്ധിയും
5. ഭ്രാന്താലയവും ഉന്നത വിദ്യാഭ്യാസവും
6. ഉന്നത വിദ്യാഭ്യാസവും സാങ്കേതിക മേന്മയും
7. പിന്നോക്കവിഭാഗവും ആത്മവിശ്വാസവും
8. കേരളത്തിലെ ആതുര വിദ്യാഭ്യാസ മേഖലകൾ

# 1. കേരളമോഡൽ പ്രതിസന്ധി

**കേരളത്തിൽ** വലിയ ഒരു തമാശ പ്രചരിച്ചിരുന്നു. വല പ്രാവശ്യം ആവർത്തിച്ചതുകൊണ്ടാണോ എന്നറിയില്ല കേരള മോഡൽ വികസനം എന്ന ഒരു പ്രയോഗം തന്നെ നിലവിൽ വന്നു. എന്നും മണ്ടൻമാരാകാൻ വിധിക്കപ്പെട്ട ജനാധിപത്യത്തിലെ വോട്ടർമാർ അത് ഏറ്റുപാടി. കേരളം ഒരു വലിയ പ്രതിസന്ധി യുടെ വക്കത്തായിരിക്കുന്നു. നമ്മുടെ ജനാധിപത്യ നേതാക്കൾ വരുത്തിവച്ച വലിയ നാണക്കേടിന്റെ തിരിച്ചടി, അത് ഏറ്റുവാ ങ്ങുകയെ നമുക്കു നിർവ്വാഹമുള്ളൂ.

വരുംകാലങ്ങളിൽ കേരളം അഭിമുഖീകരിക്കേണ്ടി വരുന്ന പ്രശ്നം എന്തൊക്കെയായിരിക്കും? ഫാക്ടറികളും മറ്റും തള്ളി വിടുന്ന മാലിന്യങ്ങൾ കൊണ്ടുണ്ടാകുന്ന പരിസ്ഥിതി പ്രശ്നങ്ങ ളായിരിക്കുമൊ? പരിസരശുചീകരണമില്ലാത്തതു മൂലമുണ്ടാ കുന്ന സാംക്രമിക രോഗങ്ങളാകുമൊ? അതോ സർവ്വീസ് റിസർച്ച് മേഖലയിലേക്കുള്ള പിന്നോക്കവിഭാഗക്കാരന്റെ ആധിപത്യമാ യിരിക്കുമോ?

**ഏതൊരു രാജ്യത്തിന്റെയും പുരോഗതി ആ രാജ്യത്തെ സകല ജനവിഭാഗങ്ങളുടേയും പുരോഗതി തന്നെയാണ്.** പി ന്നോക്കം നിൽക്കുന്ന ജനവിഭാഗത്തെ മുഖ്യധാരയിലേക്ക് എത്തി ച്ച് ആ പുരോഗതി യാഥാർത്ഥ്യമാക്കുകതന്നെ വേണം. പിന്നോ ക്കം നിൽക്കുന്നവർ എന്നു പറഞ്ഞാൽ നല്ല സംസ്ക്കാരമുള്ള, ജീവിത യാഥാർത്ഥ്യബോധമുള്ള സമൂഹത്തിൽ ഇടപെട്ടു വളരാൻ കഴിയാത്തവർ എന്നു തന്നെയാണ് അർത്ഥമാക്കേണ്ടത്. അത്തരം പിന്നോക്കാവസ്ഥയിൽ നിൽക്കുന്നവർക്ക് നമ്മുടെ

സമൂഹത്തെ നയിക്കാൻ സർക്കാർസ്ഥാപനങ്ങൾ വിട്ടുകൊടുത്താലത്തെ അവസ്ഥ നമുക്കൂഹിക്കാവുന്നതേയുള്ളൂ.

നൂറ്റാണ്ടുകളായി അടിച്ചമർത്തപ്പെട്ടുപോന്ന പിന്നോക്ക ജനവിഭാഗത്തെ മുഖ്യശ്രേണിയിലേക്ക് എത്തിക്കുവാനുള്ള കേരളത്തിൻെറ യത്നത്തെ ആദരവോടെ നോക്കിക്കാണുമ്പോഴും ആ പ്രയത്നത്തിൽ വന്ന പാളിച്ച മൂലം ആ പ്രയത്നം സമൂഹത്തിനു വലിയ ബാധ്യതയായി മാറുന്നു.

റിസർച്ച് ആൻറ് ഡവലപ്മെൻറ് (ആർ ആൻറ് ഡി) മേഖലയിൽ ഒരു കടലോളം കോടി മുടിച്ചിട്ടും ഒരു കടുകുമണിയോളം നേട്ടമുണ്ടാക്കുവാൻ നമുക്കു കഴിഞ്ഞിട്ടില്ല. സർക്കാർ റിസർച്ച് ആൻറ് ഡവലപ്മെൻറ് (ആർ ആൻറ് ഡി) മേഖല കഴിവുകേടിൻെറയും ഒന്നാം തീയതി നികുതിപ്പണം പങ്കുവക്കുന്നവരുടെയും സങ്കേതമായി അധഃപതിച്ചിരിക്കുന്നു.

മുന്നോക്കവിഭാഗത്തോടൊപ്പം നിയമിക്കപ്പെടുന്ന പിന്നോക്കവിഭാഗങ്ങളിൽ 10-30 ശതമാനംവരെ താഴ്ന്ന കഴിവുള്ള (മെറിറ്റ്) വ്യക്തികളും ഉൾപ്പെടുന്നു എന്ന യാഥാർത്ഥ്യത്തെ നമുക്ക് എങ്ങനെ വികസനമെന്നു വിളിക്കാൻ കഴിയും. കാര്യാവലോകനശേഷിയും കാര്യനിർവ്വഹണശേഷിയും വളർന്നുവരുന്ന ജീവിത സാഹചര്യങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു എന്ന യാഥാർത്ഥ്യം നമുക്ക് എളുപ്പത്തിൽ മറച്ചു വയ്ക്കുവാൻ കഴിയുമോ? അത്തരം കാര്യാവലോകശേഷിയും കാര്യനിർവ്വഹണശേഷിയും കുറഞ്ഞ വ്യക്തികളാണ് സർക്കാർ മേഖലയെ ഒന്നാം തീയതി വരുമാനം തരുന്ന കളിക്കോപ്പാക്കി മാറ്റിയത്.

കാര്യാവലോകനശേഷിയും കാര്യനിർവ്വഹണശേഷിയും കഴിവും (മെറിറ്റ്) കുറഞ്ഞ ഒരാൾക്ക് 4 മുതൽ 10 വരെയുള്ള ഉത്തരവാദിത്വങ്ങൾ നിറവേറ്റേണ്ടിടത്ത് 1 മുതൽ 2 വരെയുള്ള ഉത്തരവാദിത്വങ്ങൾ മാത്രമെ നിറവേറ്റുവാൻ കഴിയൂ എന്നതാണ് യാഥാർത്ഥ്യം. ആ നിസംഗതയും കാര്യപ്രാപ്തിയില്ലായ്മയും മൂലം 4 മുതൽ 10 ആവശ്യക്കാരും വിവിധ പ്രലോഭനങ്ങളുമായി ഉദ്യോഗസ്ഥനെ സമീപിക്കുകയും സാമൂഹികനന്മ അവഗണിക്കുകയും ചെയ്യുന്നു. **നിസംഗതയും കാര്യപ്രാപ്തിയില്ലായ്മയും മറച്ചുവക്കുവാൻ ഇല്ലാത്ത അധിക ജോലിഭാരത്തെക്കുറിച്ച് സംസാരിക്കുകയും മറ്റുള്ളവരിൽ പഴിചാരുകയും മൂലം സർക്കാർ**

**മേഖല നമ്മുടെ ജനാധിപത്യം പോലെ അഭിനയ വേദിയായി മാറുന്നു.**

വിദ്യാഭ്യാസത്തിലും വിജ്ഞാനത്തിലും മുൻപന്തിയിലുള്ള കേരളത്തിന് റിസർച്ച് ആൻറ് ഡെവലപ്മെൻറ് (ആർ ആൻറ് ഡി) മേഖലയിൽ ശൈശവാവസ്ഥയിൽ കഴിയേണ്ടി വരുന്നു. കാര്യാവലോകനശേഷിയും കാര്യനിർവ്വഹണശേഷിയും ഏറെ ആവശ്യമുള്ള റിസർച്ച് ആൻറ് ഡെവലപ്മെൻറ് മേഖല കാര്യാവലോകനശേഷിയും കാര്യനിർവ്വഹണശേഷിയും കഴിവും (മെറിറ്റ്) കുറഞ്ഞ വ്യക്തികളുടെ മേൽനോട്ടത്തിൽ ജീവച്ഛവമായി നില കൊള്ളുന്നു. ഇനിയും ആർ ആൻറ് ഡി മേഖലയിലെ ഈ വാഴ്‌വേല തുടർന്നാൽ വരുംകാലങ്ങളിലെ കേരള മോഡൽ പ്രതിസന്ധി രൂക്ഷമാവുകയേയുള്ളൂ. വികസനം റിസർച്ച് ആൻറ് ഡെവലപ്മെൻറിലൂടെ എന്ന യാഥാർത്ഥ്യത്തിനു നേരെ ഇത്ര അനായാസമായി കേരള മോഡൽ എന്നു പേരു വിളിച്ച് പുറം തിരിഞ്ഞ് നിൽക്കാൻ നമുക്കു കഴിയുന്നു. ഫലമോ റിസർച്ച് ആൻറ് ഡെവലപ്മെൻറ് മേഖല നോക്കുകുത്തിയായി മാറി. **പാവപ്പെട്ടവനും അശരണരും ദുർബലരുമായ ജനവിഭാഗത്തിനുമേൽ കൂടുതൽ കൂടുതൽ നടുവൊടിക്കുന്ന ഭാരം കയറ്റിവയ്ക്കുവാൻ മാത്രമെ ഇത്തരം മോഡൽ വികസനത്തിനു കഴിഞ്ഞിട്ടുള്ളൂ.**

മത്സരക്ഷമത കുറഞ്ഞ പിന്നോക്കവിഭാഗങ്ങളിൽ താരതമ്യേന മത്സരക്ഷമത കൂടുതലുള്ള മുന്നോക്കവിഭാഗത്തേക്കാൾ കൂടുതൽ സേവന കാലാവധി ലഭിക്കുന്നു. മത്സരക്ഷമത കുറവ് എന്നതിൽനിന്നും കാര്യാവലോകനശേഷിയും കാര്യനിർവ്വഹണശേഷിയും കുറവ് എന്നു തന്നെയാണ് അർത്ഥമാക്കുന്നത്. കേരളത്തിലെ സർക്കാർ സ്ഥാപനങ്ങളിൽ സ്ഥാനക്കയറ്റത്തിനായി പരിഗണിക്കുക ആ വ്യക്തിയുടെ സേവന കാലാവധി (സീനിയോറിറ്റി) മാത്രമാണ്. കാര്യാവലോകന ശേഷിയും കാര്യനിർവ്വഹണശേഷിയും കുറഞ്ഞ, സേവനകാലാവധി കൂടുതലുള്ള വ്യക്തികൾ ഭരണനിർവ്വഹണ മേധാവികളായി വരികയും ആ സ്ഥാപനങ്ങൾ സമൂഹത്തിൻെറ വികസന പ്രവർത്തനങ്ങൾക്ക് ചെലവഴിക്കേണ്ട നികുതിപ്പണം പങ്കുവക്കുന്ന സ്ഥാപനങ്ങളായി മാറുകയും ചെയ്യുന്നു.

1. ഒന്നാംതീയതി വരുമാനം തരുന്ന മേഖലയായി സർക്കാർ മേഖലയെ തരംതാഴ്ത്താതെ, പണിയെടുക്കുന്നതിനു കൂലി ശമ്പളം എന്ന യാഥാർത്ഥ്യത്തിലേക്കു സമൂഹത്തെ തിരിച്ചു നയിക്കുകയാണു വേണ്ടത്.

2. പണിയെടുക്കുന്നവനും പണിയെടുക്കാത്തവനും ഒന്നാം തീയതി ശമ്പളം എന്ന സർക്കാർ മേഖലയിലെ ചിന്താഗതി ഉടച്ചു വാർക്കേണ്ടിയിരിക്കുന്നു.

3. പിന്നോക്ക വിഭാഗങ്ങളുടെ നിയമനം നടത്തുമ്പോൾ എത്ര വയസ്സാണ് ഇളവ് നൽകുന്നത് അത്രയും ശതമാനം മാർക്ക് മാത്രമെ ഇളവ് നൽകാവൂ എന്ന് നിയമം മൂലം പ്രഖ്യാപിക്കേണ്ടിയിരിക്കുന്നു. ഉദാ: ഒരു പ്രത്യേക ജോലിക്കായി മുന്നോക്കവിഭാഗങ്ങളുടെ നിയമനത്തിൽ ഏറ്റവും കുറഞ്ഞ മാർക്ക് 90 ശതമാനം എന്നിരിക്കെ 5 വയസ്സ് ഇളവ് നൽകുന്ന പിന്നോക്ക വിഭാഗത്തിന് പരമാവധി 5 ശതമാനം മാർക്ക് ഇളവ് നൽകി 85 ശതമാനമായി നിജപ്പെടുത്താം

4. ആവശ്യത്തിനു പിന്നോക്ക വിഭാഗങ്ങളെ കിട്ടും വരെ മാർക്ക് ഇളവ് എന്ന മുദ്രാവാക്യം കാലോചിതമല്ലെന്നതിനാൽ തിരുത്തേണ്ടിയിരിക്കുന്നു.

5. ഗസറ്റഡ് റാങ്ക് പദവിയിലേക്ക് സ്ഥാനക്കയറ്റം നടത്തുമ്പാൾ കാര്യാവലോകനശേഷിയുള്ളവരെമാത്രം പരിഗണിക്കുക. ടെസ്റ്റ് ഓഫ് റീസണിങ്, ന്യൂമറിക്കൽ എബിലിറ്റി മുതലായവയിൽ മികവ് തെളിയിക്കുന്നവരെ മാത്രം നിയമിക്കുക.

6. തങ്ങൾക്കുകൂടി അവകാശപ്പെട്ട നികുതിപ്പണമാണ് ഒരു ചെറിയ വിഭാഗം തങ്ങളുടെ പേരിൽ ചൂഷണം ചെയ്യുന്നത് എന്ന് ഓരോ പിന്നോക്ക വിഭാഗക്കാരനും തിരിച്ചറിയേണ്ടിയിരിക്കുന്നു.

സർക്കാർ സ്ഥാപനങ്ങളെ മോഡലുകളാക്കി മാറ്റിയതുകൊണ്ടാകാം കാര്യാവലോകനശേഷിയും കാര്യനിർവ്വഹണശേഷിയും കഴിവും മാനദണ്ഡമാക്കാതെ ജനാധിപത്യ വിശ്വാസികൾ അവരുടെ ഭരണാധികാരികളെ സേവന കാലാവധി (സീനിയോറിറ്റി) നോക്കി തിരഞ്ഞെടുക്കുന്നത്. **സർക്കാർ സർവ്വീസ്,**

**ആർ ആൻറ് ഡി മേഖലകളിൽ പാഴാക്കികളയുന്ന വിഭവശേഷികൾ തദ്ദേശ ഭരണകൂടങ്ങൾ വഴി തിരിച്ചു വിട്ട് എല്ലാ വിഭാഗം പിന്നോക്കം വരുന്ന ജനവിഭാഗത്തിലേക്കും എത്തിക്കുവാൻ കഴിയണം.**

സമുദായങ്ങൾക്ക് വേണ്ടിയല്ല സമൂഹത്തിനു വേണ്ടിയാണ് സർക്കാർ സ്ഥാപനങ്ങൾ എന്ന യാഥാർത്ഥ്യം തിരിച്ചറിഞ്ഞില്ലെങ്കിൽ കാര്യവലോകനശേഷിയും കാര്യനിർവ്വഹണശേഷിയും ഇല്ലാത്തവരാൽ നമ്മുടെ സർക്കാർ സർവ്വീസ്-ഗവേഷണ സ്ഥാപനങ്ങൾ പൂർണ്ണമായും നയിക്കപ്പെടുകയും അവ നമ്മെ നോക്കി കൊഞ്ഞനം കുത്തുകയും ചെയ്യും.

**വീണ്ടും സ്വാശ്രയം:**

അന്ന് സ്വാശ്രയമില്ലാതിരുന്നതുകൊണ്ട് സ്വന്തം ചെലവിൽ ഉന്നതവിദ്യാഭ്യാസം നടത്തുന്നത് അർപ്പണമനോഭാവമുള്ളവർക്ക് നിഷേധിക്കപ്പെട്ടു. അതുകൊണ്ട് കേരളത്തിന് കടുകുമണിയോളം വലിപ്പമുള്ളവരെ ലഭിച്ചു. അല്ലായിരുന്നുവെങ്കിൽ കടലോളം വലിപ്പമുള്ള പതിനായിരങ്ങളെ ലഭിച്ചേനെ. ❋

# 2. ഉന്നതവിദ്യാഭ്യാസം - വാണിജ്യവും സംസ്ക്കാരവും

**ഭൗതികനേട്ടങ്ങൾ** കൊണ്ടുള്ള മുന്നോട്ടുപോക്ക് നമ്മെ അരാജകത്വത്തിലേക്ക് നയിക്കുന്നു. വോട്ടുബാങ്കുകളെ നോട്ടമിട്ട് മാറിമാറി വരുന്ന ഭരണ-രാഷ്ട്രീയ നേതൃത്വങ്ങൾ ജനപ്രിയങ്ങളായ മേഖലകളിലേക്ക് ഇറങ്ങി വരുകയും ഭൗതികനേട്ടങ്ങൾ ഉയർത്തി കാട്ടുകയും ചെയ്യുന്നു. ഭൗതികനേട്ടങ്ങൾക്ക് പ്രാധാന്യം കൊടുക്കുകയും സാംസ്ക്കാരിക മേഖലയെ അവഗണിക്കുകയും ചെയ്യുന്നതുവഴി അടിത്തട്ടിലുള്ള അസന്തുലിതാവസ്ഥയും അതുവഴി അരാജകത്വവും പെരുകുന്നു. രാഷ്ട്രീയ-ഉദ്യോഗസ്ഥ മേഖലകളിലെ സ്വജനപക്ഷപാതവും അഴിമതിയും വോട്ടുബാങ്കുകളെ വളർത്തിയെടുക്കുവാനുള്ള വ്യഗ്രതയും സംസ്ക്കാര വൈഭവത്തോടെ അതുര വിദ്യാഭ്യാസ മേഖലകളിൽ പ്രവർത്തിക്കുന്നവരെ തള്ളിപ്പറയുവാൻ നിർബന്ധിതരാക്കുന്നു. ജനഹിതകരവും ഭൗതികനേട്ടങ്ങൾക്കൊപ്പം സാംസ്ക്കാരിക നേട്ടങ്ങൾക്കുതകുന്നതുമായ ഉന്നത വിദ്യാഭ്യാസം ആതുരവിദ്യാഭ്യാസ മേഖലകളിൽ കേരളത്തെ മുൻപന്തിയിലെത്തിച്ച സാംസ്ക്കാരിക നായകരിൽനിന്നോ അതോ രാഷ്ട്രീയ - ഉദ്യോഗസ്ഥ വൃന്ദങ്ങളിൽ നിന്നോ, ആരിൽനിന്നാണ് നമുക്കു പ്രതീക്ഷിക്കാനാവുക.

**കേരളത്തിലെ കൃഷി-പരമ്പരാഗത വ്യവസായങ്ങൾ തകർച്ചയിലേക്ക് മൂക്കുകുത്തി അടിസ്ഥാന ജനവിഭാഗം ഞെരുങ്ങുകയാണ്.** ഈ മേഖലയിലെ അവസ്ഥ ഏതൊരു കേരളീയനെയും ലജ്ജിപ്പിക്കുംവിധം വേദനാജനകമായി വളർന്നിരിക്കുന്നു. ആ മേഖലയിൽ ആധുനികവൽക്കരണം നടപ്പാക്കുവാനും അധികം വരുന്ന ജനവിഭാഗത്തെ മറ്റിതര മേഖലകളിലേക്ക് വിന്യസിപ്പിക്കുവാനും നമുക്ക് കഴിഞ്ഞിട്ടില്ല. കേരളീയ സമൂഹത്തിന് അക്കാര്യത്തിലൊന്നും അശേഷം ആശങ്കയില്ല എന്നത് ലജ്ജാകരമായ

കാര്യമാണ്. എൻജിനീയറിംഗ്-മെഡിക്കൽ സ്ഥാപനങ്ങളിലെ പ്രവേശനത്തെപ്പറ്റിയും എൻജിനീയർ ആകാൻ കഴിയാത്തതിൽ നിരാശരായി ആത്മഹത്യ ചെയ്യുന്നതിനെപ്പറ്റിയും ആകുലപ്പെടുന്ന കേരളീയൻ കൃഷി-പരമ്പരാഗത മേഖലകളിലെ പ്രതിസന്ധിയെപ്പറ്റി ആകുലപ്പെടുന്നില്ല. അതായത് ഏറ്റവും മുന്തിയ സാഹചര്യങ്ങൾക്കായുള്ള കേരളീയന്റെ കോലാഹലങ്ങൾക്കിടയിൽ ഏതു തരത്തിലുള്ള അസമത്വമാണ് ഇല്ലായ്മ ചെയ്യേണ്ടത് എന്ന ആത്യന്തികലക്ഷ്യം പുതിയ ലോകത്തിൽ കേരള ജനതയുടെ മുന്നിൽ ഒരു ചോദ്യചിഹ്നമാണ്. എൻജിനീയറാകാൻ കഴിയാത്തവരുടെ അസമത്വമോ, കൃഷി-പമ്പരാഗത മേഖലകളിലെ പ്രതിസന്ധി മൂലമുണ്ടാകുന്ന അസമത്വമോ ഏതാണ് ആത്യന്തിക ലക്ഷ്യം? ഏതിനാണ് മുന്തിയ പരിഗണന നൽകുക? സാംസ്കാരിക നേട്ടങ്ങളെ വിസ്മരിച്ച് ഭൗതികനേട്ടങ്ങൾക്ക് പിന്നാലെയുള്ള കേരളത്തിന്റെ മനോഭാവം നമ്മെ എവിടെയാണ് എത്തിക്കുക?

സ്വാശ്രയ സ്ഥാപനങ്ങളുടെ നിലനിൽപ് അപകടകരമാക്കും വിധം സർക്കാരിന്റെ ഇടപെടൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന അവസ്ഥയിൽ പൂർവ്വികമായ വിദ്യാഭ്യാസ മേഖലയിലെ ചില അനുസ്മരണങ്ങൾ നടത്തുന്നത് വളരെ ചിന്തോദ്ദീപ്തമായിരിക്കുമെന്നു തോന്നുന്നു. എഴുപതുകളിലും എൺപതുകളിലെ ആദ്യ പകുതിയിലും പ്രൈമറി, ഹൈസ്കൂൾ വിദ്യാഭ്യാസ മേഖലയിൽ സമരങ്ങൾ ഉദ്ഘാടനം ചെയ്യാൻ നടന്നിരുന്നവരോ അവരുടെ ആജ്ഞാനുവർത്തികളോ ആണ് വീണ്ടും വിദ്യാഭ്യാസമേഖലയിൽ അരക്ഷിതാവസ്ഥ വളർത്തിയെടുക്കുവാൻ ശ്രമിക്കുന്നത്. അത്തരം നേതാക്കൾക്ക് സമൂഹത്തിന്റെ തിരിച്ചറിവ് തിരിച്ചടിയായി; പ്രൈമറി ഹൈസ്കൂൾ തലത്തിലുള്ള സമര പ്രഖ്യാപനമുപേക്ഷിക്കേണ്ടി വന്നു. **കാലഘട്ടത്തിന്റെ ആവശ്യമായ സയൻസ് ആൻറ് ടെക്നോളജി മേഖലയിലേക്ക് പഴയകാല നേതൃത്വവും അവരുടെ കീഴിൽ നേതാക്കളായവരും ഇന്നു സമരകാഹളമുതിർക്കുകയാണ്.**

ഗുമസ്താധിഷ്ഠിത വിദ്യാഭ്യാസം മാത്രം മതി കേരളത്തിന് എന്ന് വിളിച്ചുൽഘോഷിച്ചിരുന്നവർക്ക് സയൻസ് ആൻറ് ടെക്നോളജി വിഭാഗത്തിന്റെ കാലോചിതമായ ആവശ്യകത മനസ്സി

ലാകായ്കയല്ല. വോട്ടുബാങ്കുകളെ പ്രീണിപ്പിക്കുകയാണ് അവരുടെ ആവശ്യം. നാമമാത്രമായ സയൻസ് ആൻറ് ടെക്നോളജി സ്ഥാപനങ്ങൾ മാത്രം നിലവിലുണ്ടായിരുന്ന കേരളത്തിൽ നിന്നും രാഷ്ട്രീയ-സാമ്പത്തിക മേഖലകളെ കാർന്നുതിന്നിരുന്നവരുടെ തലമുറകൾ സംസ്ഥാനത്തിനും രാജ്യത്തിനും പുറത്തുനിന്ന് വിദ്യാഭ്യാസ വളർച്ച നേടി നമ്മെ നോക്കി പരിഹസിക്കുന്നത് നമുക്ക് കാണേണ്ടി വന്നു. എന്നാണ് ഇത്തരം കപടനാണയങ്ങളെ നമ്മൾ തിരിച്ചറിയുക?

കേരളം ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളോടു താരതമ്യം ചെയ്യാൻ പറ്റാത്തത്ര വളർച്ച നേടിയിട്ടുള്ളത് വിദ്യാഭ്യാസ മേഖലയിലാണെന്നു പറയാതെ വയ്യ. മുൻ തലമുറ പകർന്നുതന്ന അറിവിൻെറ കൈത്തിരി വെട്ടവും അതിനോടുള്ള ജനതയുടെ മതിപ്പും തെല്ലു ബഹുമാനത്തോടെ വീക്ഷിക്കപ്പെടുന്നു. സ്കൂൾ-കോളേജ് തല സമരാഭാസങ്ങൾ എത്രയെത്ര മാതാപിതാക്കളുടെ സ്വപ്നങ്ങളാണ് തല്ലിക്കെടുത്തിയിരിക്കുന്നത്? അന്ന് സമരമുഖങ്ങളിൽ ഭാവി കൊഴിഞ്ഞു പോയവരെ മറക്കുകയും ആ സമരമുഖങ്ങൾ വോട്ടുബാങ്കുകളാക്കി വളർത്തിയെടുക്കുകയും ചെയ്തവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്താൽ വീണ്ടും ഒരമളി പറ്റി എന്നു നിസ്സംഗതയോടെ പറയേണ്ടി വരും. **കേരളത്തിൽ എവിടെയെങ്കിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഒരു പോലീസുകാരൻ കയറിയാൽ സംസ്ഥാനമൊട്ടുക്ക് വിദ്യാഭ്യാസ ബന്ദും ഹർത്താലും നടത്തിയിരുന്ന നാളുകൾ മറക്കാറായിട്ടില്ല.** അന്നത്തെ അത്തരം ചിന്താഗതിക്കാരാണ് കാലഘട്ടത്തിൻെറ ആവശ്യമായ സയൻസ്സ് ആൻറ് ടെക്നോളജി മേഖലയിലേക്ക് ചേക്കേറിയിരിക്കുന്നത്. പഴയ സമരമുഖങ്ങൾ നമുക്ക് അത്ര എളുപ്പത്തിൽ മറക്കാൻ കഴിയുമോ? ഇവരുടെ ആഹ്വാനം കേട്ട് ഭാവി നശിപ്പിച്ച കുരുന്നുകളെ നമുക്കു മറക്കാൻ കഴിയുമോ?

ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളും പല വിദേശ രാജ്യങ്ങളും കേരളത്തിലെ ഉയർന്ന വിദ്യാഭ്യാസ നിലവാരവും കുറഞ്ഞ വിദ്യാഭ്യാസ ചിലവും താൽപ്പര്യപൂർവ്വമാണ് വീക്ഷിക്കുന്നത്. സ്വാശ്രയ സ്ഥാപനങ്ങൾ ആരംഭിച്ചതിനുശേഷം കേരളത്തിനു പുറത്തുനിന്നുള്ള പഠനാർത്ഥികളുടെ തോത് അമ്പരപ്പിക്കുന്നതാണ്. 2002-ൽ

കേരളത്തിൽനിന്നും എൻജനീയറിംഗ് ഡിഗ്രി പഠിക്കാനായി (1116 - നോഡൽ സെൻറർ കേരള തയ്യാറാക്കിയത്) പോയവരേക്കാൾ എത്രയോ അധികമാണ് ഇന്ന് കേരളത്തിലേക്ക് പഠിക്കാനെത്തുന്നവർ എന്നതു തന്നെ കേരളത്തിന് ലോകത്തിലെ തന്നെ അവശ്യമായ ഏറ്റവും മികച്ച ഗുണമേന്മയുള്ള സയൻസ് ആൻറ് ടെക്നോളജി വിദഗ്ദ്ധരെ വളർത്തിയെടുക്കുവാൻ കഴിയും എന്ന് വ്യക്തമാക്കുന്നു. അങ്ങനെ വരുന്നവരുടെ എണ്ണം അനുകൂലമായ സാഹചര്യമൊരുക്കുകയാണെങ്കിൽ ലക്ഷങ്ങൾ ആവുക തന്നെ ചെയ്യും. എ.ഐ.സി..ടി.ഇ.-യൂ.ജി.സി. നിഷ്ക്കർഷിക്കുന്ന മാനദണ്ഡങ്ങളുമായി കൂടുതൽ സയൻസ് ആൻറ് ടെക്നോളജി സ്ഥാപനങ്ങൾ ഉണ്ടാവുകയും ചെയ്യേണ്ടിയിരിക്കുന്നു. ടൂറിസത്തിൻെറ ഉപോൽപ്പന്നമായ സെക്സ് ടൂറിസവും അതു വഴിവച്ചേക്കാവുന്ന വലിയ കെണികളും ഇത്തരം വികസനത്തിലൂടെ നമുക്കു നേരിടേണ്ടി വരുന്നില്ല എന്നത് നമ്മൾ തിരിച്ചറിയേണ്ടിയിരിക്കുന്നു. നല്ല സംസ്ക്കാരത്തിലൂന്നിയ വിദ്യാഭ്യാസത്തിലൂടെ കേരളത്തെ മുൻപന്തിയിലെത്തിച്ച നിലവിലുള്ള സാംസ്ക്കാരിക നായകരിൽ നിന്നും നമുക്ക് തീർച്ചയായും അത്തരത്തിലൊരു മുന്നേറ്റം പ്രതീക്ഷിക്കാവുന്നതാണ്.

മറ്റു സംസ്ഥാനങ്ങളിലും വിദേശ രാജ്യങ്ങളിലും സർക്കാർ നേരിട്ട് യോഗ്യതാ സെൻററുകൾ ആരംഭിച്ചാൽ വിദ്യാർത്ഥികളെ ധാരാളമായി ഇങ്ങോട്ട് ആകർഷിക്കുവാൻ സാധിക്കും. കേരളത്തിൻെറ പ്രത്യേക ഭൂപ്രകൃതിയും ജനജീവിതരീതിയും അനുസരിച്ച് ഗ്രാമങ്ങളെയും പട്ടണങ്ങളെയും വേർതിരിക്കുക പ്രയാസമാണ്. എന്നിരുന്നാലും ഗ്രാമീണമേഖലയിൽ ആരംഭിക്കുവാൻ സാധിക്കുന്ന ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ നമ്മുടെ ഗ്രാമീണ തൊഴിൽമേഖലയിൽ ധാരാളം സാധ്യതകൾ തുറന്നു തരുന്നു. ഇത് ഒരു പരിധിക്കപ്പുറം കാർഷിക-പരമ്പരാഗത മേഖലയിലെ തൊഴിലില്ലായ്മക്ക് പരിഹാരമായി മാറുന്നു.

**ശരാശരി കേരളീയൻ അവൻെറ അടുത്ത തലമുറയുടെ വിദ്യാഭ്യാസത്തിനുവേണ്ടി എന്തു ത്യാഗവും ചെയ്യാൻ തയ്യാറാണ്.** പട്ടിണി കിടന്നും അധിക ജോലി ചെയ്തും മക്കളുടെ ഉന്നത വിദ്യാഭ്യാസത്തിനുവേണ്ടി സമ്പാദിക്കുകയും അവർക്ക് വിദേശത്ത്

ജോലിപോലും കരുതി വയ്ക്കുകയും ചെയ്തിരിക്കുന്ന മാതാപിതാക്കളെ നമുക്ക് മറക്കാതിരിക്കുകയും ചെയ്യാം. **സ്വന്തം ചെലവിലോ രക്ഷാകർത്താക്കളുടെ ചെലവിലോ ഉന്നതവിദ്യാഭ്യാസം നേടുന്നതിന് ഭരണാധികാരികൾ വിലക്കുകൾ ഏർപ്പെടുത്തുന്നത് ഇരുപത്തൊന്നാം നൂറ്റാണ്ടിന് ചേർന്നതല്ല.** സമത്വത്തിന്റെയും അസമത്വത്തിന്റെയും പേരു പറഞ്ഞ് ഉന്നത വിദ്യാഭ്യാസം നിഷേധിക്കുന്നത് കാലോചിതമല്ലെന്നും ആവശ്യവും ആർത്തിയും വ്യത്യസ്തമാണെന്നും ഒരാളുടെ ചെലവിൽ മറ്റൊരു സഹപാഠി എന്ന സങ്കൽപ്പം കാലഘട്ടത്തിന് ചേർന്നതല്ലാ എന്നും ഓർക്കുക. ❋

# 3. പ്രൊഫഷണൽ വിദ്യാഭ്യാസം സൗജന്യമോ?

**നമ്മുടെ** വിദ്യാഭ്യാസ സങ്കൽപ്പങ്ങൾ മാറിയിരിക്കുന്നു. മാറിമറിഞ്ഞ വിദ്യാഭ്യാസ സങ്കൽപ്പങ്ങൾക്ക് മാറ്റു കൂടുകയാണ് വേണ്ടത്. എന്നാൽ നമ്മുടെ സങ്കൽപ്പങ്ങൾ വിദ്യാഭ്യാസ സൽപ്പേരിന് കളങ്കം ചാർത്തുവാനെ ഉപകരിച്ചിട്ടുള്ളൂ.

വിദ്യാഭ്യാസം എന്നത് പൂർണ്ണമായ അർത്ഥത്തിൽ ഒരു മനുഷ്യനെ നല്ല സംസ്ക്കാരമുള്ള യഥാർത്ഥ മനുഷ്യനാക്കി രൂപപ്പെടുത്തുന്ന പ്രക്രിയയാണ്. **നല്ല വായനയും വളർന്നുവരുന്ന സാഹചര്യങ്ങളും സാമൂഹ്യമായ ഇടപെടലുകളും അവിടത്തെ അന്തരീക്ഷവുമാണ് യഥാർത്ഥ വിദ്യാഭ്യാസമേഖല.** നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ അതിനെ കെട്ടിലും മട്ടിലും ചിട്ടപ്പെടുത്തുകയാണ് ചെയ്യുന്നത്. ഇപ്രകാരം ചിട്ടപ്പെടുത്തിയെടുക്കേണ്ട വിദ്യാഭ്യാസ സ്ഥാപനങ്ങൾ വിഭിന്ന സാമൂഹ്യ ഘടനയിൽ വളർന്നുവന്ന വിഭിന്ന സ്വഭാവ ഗുണങ്ങളുള്ളവരുടെ വൈകൃത സമ്മേളന വേദിയായി മാറി. ഇത്തരം വൈകൃത ഇടപെടലുകൾക്ക് ഏതെങ്കിലും രാഷ്ട്രീയപാർട്ടിയുടെ തണലും അതുമൂലം നല്ല വിദ്യാഭ്യാസ സംസ്ക്കാരത്തിനുമേൽ ആരൊക്കെയോ അടക്കി വാഴുന്ന അവസ്ഥയും സംജാതമായിരിക്കുന്നു. നമ്മടെ പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളും ഇത്തരം വൈകൃതങ്ങളിൽ നിന്നും വ്യത്യസ്തമല്ല.

പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ വിദഗ്ദ്ധ തൊഴിൽമേഖല തിരഞ്ഞെടുക്കുവാനുള്ള പരിശീലനക്കളരിയാണെന്നിരിക്കെ അവിടെയും സൗജന്യം നൽകുന്ന വങ്കത്തരത്തിലാണ് നാമിന്ന്. ഏറ്റവും മികച്ച ജീവിതസാഹചര്യങ്ങൾക്കായി തികച്ചും സൗജന്യമായി കിട്ടുന്നതെന്തും ആർത്തിയോടെ കൈനീട്ടി വാങ്ങാൻ ഒരു ചെറിയ ന്യൂനപക്ഷം തയ്യാറായി നിൽക്കുന്നു.

സമൂഹത്തിൻെറ വികസനപ്രവർത്തനങ്ങൾക്കായി ഉപയോഗപ്പെടുത്തേണ്ട നികുതിപ്പണം ഇത്തരം സൗജന്യ സുഖലോലുപ തൊഴിൽ സാഹചര്യമൊരുക്കുന്നതിനായി ചെലവഴിക്കേണ്ടതിനുള്ളതല്ല എന്ന് കേരളീയൻ മനസ്സിലാക്കേണ്ടിയിരിക്കുന്നു. ഫലമോ? പണിയെടുക്കുന്ന ഓരോ സാധാരണ കേരളീയനും കൂടുതൽ കൂടുതൽ നികുതിപ്പണം ഒടുക്കേണ്ടി വരുന്നു. വൈറ്റ് കോളർ ജോലിക്കായി, മേനിയനങ്ങാതെ ജീവിക്കാൻ വേണ്ടി കൈനീട്ടി നിൽക്കുന്ന ഒരു ചെറിയ ന്യൂനപക്ഷത്തിനു വേണ്ടി ഓരോ സാധാരണക്കാരനും ജീവിതത്തിൽ എന്തൊക്കെയോ നഷ്ടപ്പെടുത്തുന്നു. ഈ ആത്മത്യാഗത്തിനൊത്ത എന്തു പ്രത്യുപകാരമാണ് പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ വഴി സൗജന്യമായി വിദഗ്ദ്ധ തൊഴിൽ പരിശീലനം ലഭിക്കുന്ന തൊഴിലാർത്ഥി നൽകുന്നത്?

കൂടുതൽ സാമ്പത്തിക ബാധ്യതയുള്ള ഇത്തരം സൗജന്യ തൊഴിൽ പരിശീലന മേഖലയിലേക്ക് കടന്നുകയറുവാനായി വിഭിന്നങ്ങളായ അഭിരുചികളും വായനയും ഉപേക്ഷിച്ച് നമ്മുടെ സമൂഹം വല്ലാതെ ചുരുങ്ങിയിരിക്കുന്നു. **അക്കാഡമിക് പുസ്തകങ്ങളിലൂടെ നേടിയെടുക്കുന്ന അറിവിൽ മാത്രം ഒതുങ്ങുന്നതല്ല ഒരു പ്രതിഭാശാലിയുടെ മികവ് എന്നു തിരിച്ചറിയാത്ത ഇത്തരം തൊഴിലാർത്ഥികൾ സമൂഹത്തിന് തികച്ചും ബാധ്യതയായി മാറിയിരിക്കുന്നു.** സൗജന്യമായി ലഭിച്ച കൂടുതൽ സാമ്പത്തിക ബാധ്യതയുള്ള, ഇത്തരം സൗജന്യ തൊഴിൽ പരിശീലന വിദ്യാഭ്യാസം സ്വന്തം സാമ്പത്തിക വളർച്ചക്ക് ഉപകരിക്കുമെന്നതിലുപരിയായി ചിന്തിക്കാൻ ഇക്കൂട്ടർക്ക് കഴിയുന്നില്ല. നല്ല സംസ്ക്കാരവും ജീവിതയാഥാർത്ഥ്യബോധവുമുള്ള സമൂഹത്തെ വളർത്തിയെടുക്കുവാൻ ഉന്നത തൊഴിൽ പരിശീലന മേഖലയിലെ അക്കാഡമിക് മികവ് മാത്രം പോരായെന്ന് നമ്മുടെ സർക്കാർ-റിസർച്ച് ആൻറ് ഡവലപ്മെൻറ് സ്ഥാപനങ്ങൾ തെളിയിച്ചിരിക്കുന്നു. നല്ല വായനയുടെയും സാമൂഹ്യമായ നല്ല ഇടപെടലുകളുടെയും അഭാവമാണ് സൗജന്യമായി ലഭിച്ച ഉന്നത തൊഴിൽ പരിശീലന മേഖലയെ ഇത്തരമൊരു അധഃപതനത്തിലേക്ക് എത്തിച്ചിരിക്കുന്നത്.

ഉന്നത തൊഴിൽ പരിശീലന മേഖലയെ സൗജന്യമാക്കുകവഴി ആവശ്യക്കാരനും താൽപര്യമില്ലാത്തവനും ഇത്തരം സൗജന്യം

നേടിയെടുക്കുന്നതിൽ പങ്കാളികളായി മാറി. സുഖലോലുപ തൊഴിൽ പരിശീലന മേഖലയിലേക്ക് കേരളീയൻ ആകർഷിക്കപ്പെടുകയും സൗജന്യമായി ലഭിക്കുന്നതും സ്വന്തം പേരിനോടൊപ്പം ബഹുമാനിതനാകാൻ എഴുതി ചേർക്കാവുന്നതുമായ അക്ഷരങ്ങൾ കരഗതമാവുകയും ചെയ്യുന്നതിനാൽ താൽപര്യമില്ലാത്തവരുടെ ഇത്തരം സീറ്റുകളിലേക്കുള്ള കടന്നു കയറ്റം പരിധിക്ക് അപ്പുറമായി. നികുതിദായകൻെറ ചെലവിൽ സൗജന്യമായി ലഭിക്കുന്ന ഇത്തരം ഉന്നത തൊഴിൽ പരിശീലന കളരികൾ സമൂഹത്തിൻെറ വളർച്ചയെയാണ് കാണിക്കുന്നതെന്ന് കേരളീയനെ തെറ്റിച്ചു ധരിപ്പിക്കാൻ രാഷ്ട്രീയ-ഭരണ നേതൃത്വത്തിന് കഴിഞ്ഞിട്ടുണ്ട്. അത്തരം തെറ്റായ ചിന്താഗതികൾ വളർത്തിയെടുക്കുന്നതിൽ കൂട്ടായ പരിശ്രമം തന്നെ ഉണ്ടായിട്ടുണ്ട്.

സൗജന്യമായി സർക്കാർ ചെലവിൽ നടത്തിയ പഠനം പാഴാക്കി കളയുന്നതിൽ ആർക്കും തന്നെ ഒട്ടും പരിഭവമില്ല എന്നത് സൗജന്യത്തിൻെറ പ്രത്യേകതയാണ്. ഇത്തരം പാഴാക്കി കളയുന്ന സൗജന്യ കൂമ്പാരങ്ങൾ നികുതിദായകരായ സമൂഹത്തിൻെറ ചെലവിലാണെന്ന് നമ്മൾ വിസ്മരിക്കുന്നു.

സ്വന്തം ചെലവിലുള്ള വിദ്യാഭ്യാസം നിഷേധിക്കുന്നത്, അത് ഉന്നത തൊഴിൽ പരിശീലന വിദ്യാഭ്യാസമാണെങ്കിൽ പ്രത്യേകിച്ചും, ഇതുപത്തൊന്നാം നൂറ്റാണ്ടിനു ചേർന്നതല്ല എന്ന് കേരളീയൻ മനസ്സിലാക്കേണ്ടിയിരിക്കുന്നു. സെൽഫ് ഫിനാൻസിങ് സ്ഥാപനങ്ങളുടെ വരവോടുകൂടി ഉന്നത വിദ്യാഭ്യാസ മേഖലയിൽ കേരളീയന് ഒട്ടേറെ സാധ്യതകൾ തുറന്നു കിട്ടിയിട്ടുണ്ട്.

**കാലം മാറിയിട്ടും ഗുമസ്തന്മാരെ പരിശീലിപ്പിക്കുന്ന തരത്തിലുള്ള വിദ്യാഭ്യാസം മാത്രം മതി കേരളീയന് എന്ന തെറ്റായ ചിന്താഗതി എങ്ങനെയോ കേരളത്തിൽ വേരോടി.** വിദ്യാഭ്യാസം വാണിജ്യമല്ലാ എന്നും അതു സൗജന്യമായി പരിമിതപ്പെടുത്തി കുറച്ചു പേർക്കുമാത്രം നൽകിയാൽ മതിയെന്നുമുള്ള കണ്ടെത്തൽ ഇന്നും കേരളത്തിൽ അവശേഷിക്കുന്നു. ഇംഗ്ലീസ്സ് മീഡിയം സ്കൂളുകളിലേക്ക് കുട്ടികളെ അയയ്ക്കുവാനുള്ള മാതാപിതാക്കളുടെ തിരക്കുകൂട്ടൽ ഒരു പരിധിവരെ സൗജന്യമായി ലഭിക്കുന്ന മേന്മയില്ലാത്ത സൗജന്യ വിദ്യാഭ്യാസത്തോടുള്ള വെറുപ്പു പ്രകടമാക്കുന്നു.

1. സൗജന്യമല്ല മറിച്ച് മേന്മയും സംസ്ക്കാരവുമാണ് വിദ്യാഭ്യാസത്തിൻെറ കാതൽ.
2. അക്കാഡെമിക് പുസ്തകങ്ങളിലൂടെ നേടിയെടുക്കുന്ന അറിവിൽ മാത്രം ഒരുങ്ങുന്നതല്ല പ്രതിഭാശാലിയുടെ മികവ്.
3. സ്വന്തം ചെലവിലുള്ള വിദ്യാഭ്യാസം നിഷേധിക്കുന്നത് 21-ാം നൂറ്റാണ്ടിൽ നിന്നും 12-ാം നൂറ്റാണ്ടിലേക്കുള്ള തിരിച്ചുപോക്കാണ്. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ സൗജന്യമാക്കാനുള്ളതല്ല എന്നും അത് സ്വന്തം ചെലവിൽ പരിമിതപ്പെടുത്തേണ്ടതാണെന്നും തിരിച്ചറിയേണ്ടിയിരിക്കുന്നു.
4. സർക്കാർ - റിസർച്ച് ആൻറ് ഡെവലപ്മെൻറ് സ്ഥാപനങ്ങൾ വ്യക്തിയധിഷ്ഠിത സാമ്പത്തിക വളർച്ചക്കുള്ളതല്ല. സാമൂഹ്യ സാമ്പത്തിക തൊഴിൽ മേഖലകളുടെ വളർച്ചക്കുള്ളതാണ്. ഈ മേഖലയിൽ പുതിയ സാംസ്ക്കാരിക ഉണർവ് വളരേണ്ടിയിരിക്കുന്നു.
5. സൗജന്യ ഉന്നത തൊഴിൽ പരിശീലന വിദ്യാഭ്യാസം എന്നത് കൂടുതൽ സാമ്പത്തിക ബാധ്യതയുള്ള സൗജന്യം നേടിയെടുത്ത് ഭാവിയിൽ പ്രയോജനപ്പെടുത്താതിരിക്കുകയും അനാവശ്യമായ സാമൂഹ്യ ചെലവ് വരുത്തി വക്കുകയും ചെയ്യുന്നു.

വിദ്യാഭ്യാസ സ്ഥാപനങ്ങൾ - അവ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളാണെങ്കിൽ പ്രത്യേകിച്ചും സെൽഫ് ഫിനാൻസിങ് മേഖലയിൽ ആരംഭിക്കാൻ സർക്കാർ ബാലിശമായ തടസവാദങ്ങൾ ഉന്നയിക്കരുത്. **സെൽഫ് ഫിനാൻസിങ് വിദ്യാഭ്യാസ പഠനം എന്നാൽ സ്വന്തം വിദ്യാഭ്യാസ ചെലവ് മാത്രം വഹിക്കുക എന്നാണ്.** സാമ്പത്തിക പരാധീനത പരിഗണിച്ച്, പഠന മികവ് തെളിയിച്ചവർക്ക് സെൽഫ് ഫിനാൻസിങ് മേഖലയിലാണെങ്കിലും സ്കോളർഷിപ്പ് നൽകുവാൻ തദ്ദേശ സ്ഥാപനങ്ങൾ മുന്നോട്ടു വരണം. കേരളത്തിൻെറ പ്രത്യേക സാഹചര്യം കണക്കിലെടുത്ത്, കടുത്ത സെൽഫ് ഫിനാൻസിങ് വിരോധം വഴി, സയൻസ് ആൻറ് ടെക്നോളജി മേഖലയിലേക്ക് വിവിധ രാജ്യങ്ങളിൽ ധാരാളം തൊഴിൽ സാധ്യതകൾ ലഭ്യമായിരിക്കുന്നത് നിഷേധിക്കുന്ന നിലപാടുകൾ എടുക്കുകയുമരുത്. ❋

# 4. മിശ്രവിവാഹവും പ്രതിസന്ധിയും

**ഇന്ത്യൻ** സംസ്ക്കാരത്തെ ഇത്ര വിലപ്പെട്ടതായി കണക്കാക്കാൻ കാരണം വൈവിധ്യമാർന്ന പല പല സംസ്ക്കാരങ്ങളാൽ സമ്പന്നമായതിനാലാണ്. ഇത്തരം വൈവിധ്യമാർന്ന സംസ്ക്കാരത്തിലൂന്നിയ സമൂഹങ്ങളെ അടിസ്ഥാനമാക്കി പിന്നോക്ക വിഭാഗങ്ങളെന്നും മുന്നോക്ക വിഭാഗങ്ങളെന്നും ഇന്ത്യൻ ജനതയെ തരംതിരിച്ചിരിക്കുന്നു.

സമൂഹത്തിലെ അംഗമെന്ന നിലയിൽ നിങ്ങൾ എന്തു ചിന്തിക്കുന്നു എന്തു പ്രവർത്തിക്കുന്നു എന്നതാണ് സംസ്ക്കാരം എന്ന പദംകൊണ്ട് അർത്ഥമാക്കുന്നത്. **കാര്യക്ഷമതയും കാര്യ അവലോകനവും കാര്യനിർവ്വഹണവും എല്ലാം നല്ല പാരമ്പര്യ സംസ്ക്കാരത്തിൽ നിന്നും ഉയിർകൊള്ളുന്നതാണ്.**

സംസ്ക്കാരിക വളർച്ച എന്നത് ചരിത്രപരമായ പ്രക്രിയയാണ്. ഒരാൾ വ്യക്തി എന്ന നിലയിൽ അയാളുടെ പൂർവ്വപിതാക്കന്മാർ സ്വയത്തമാക്കിയ പല കാര്യങ്ങളും പഠിക്കുന്നു. പിതാക്കന്മാരാകട്ടെ ഉപയോഗപ്രദമല്ലെന്നു തോന്നിയവ ഉപേക്ഷിക്കുകയും പുതിയതായി ചിലതു കൂട്ടി ചേർക്കുകയും ചെയ്തിരിക്കും. വ്യക്തി എന്ന നിലയിൽ അയാളുടെ പിതാക്കന്മാർ ചെയ്തതുപോലെ അയാളും ചിലതു കൂട്ടിചേർക്കുകയും ഉപയോഗപ്രദമല്ലെന്നു തോന്നിയവ ഉപേക്ഷിക്കുകയും ചെയ്യുന്നു. ഇങ്ങനെ സംസ്ക്കാരം തലമുറകളിൽനിന്നും തലമുറകളിലേക്ക് പകരുന്നു.

പിന്നോക്കവിഭാഗത്തിൽപെട്ട വ്യക്തികളായാലും മുന്നോക്ക വിഭാഗത്തിൽപെട്ട വ്യക്തികളായാലും തലമുറകളിൽനിന്നും തലമുറകളിലേക്ക് സംസ്ക്കാരം കൈമാറപ്പെടുന്നു. ഇത്തരം പകർന്നുനൽകുന്ന, ലഭിക്കുന്ന ചിന്തകളും പ്രവൃത്തികളും അയാളുടെ

വ്യക്തിത്വത്തെയാണ് ചിട്ടപ്പെടുത്തുന്നത്. വ്യക്തിത്വം രൂപപ്പെടുന്നതാകട്ടെ അയാൾപോലും അറിയുന്നതിനും പ്രായപൂർത്തിയാകുന്നതിനും വളരെ മുൻപുതന്നെയാണ്. ഒരു വ്യക്തിയുടെ മസ്തിഷ്ക്കത്തിനു വക്വത പ്രാപിക്കുന്നത് പന്ത്രണ്ടു വയസ്സുവരെയുള്ള കാലഘട്ടമാണ് എന്നു കണക്കാക്കിയിരിക്കുന്നു. ഈ കാലഘട്ടം തന്നെയാണ് അയാളുടെ വ്യക്തിത്വം രൂപപ്പെടുന്നതിൽ നിർണ്ണായകവങ്കു വഹിക്കുന്നത്. ഈ കാലഘട്ടത്തിൽ രൂപപ്പെടുന്ന ചിന്തകളും പ്രവൃത്തികളും അയാളെ ജീവിതകാലം മുഴുവനും സ്വാധീനിക്കുന്നു.

ഇങ്ങനെ രൂപപ്പെടുന്ന ചിന്തകളും പ്രവൃത്തികളും പിന്നോക്ക വിഭാഗങ്ങളിലെ വ്യക്തികളിലും മുന്നോക്കവിഭാഗങ്ങളിലെ വ്യക്തികളിലും വ്യത്യസ്തമായിരിക്കാനെ തരമുള്ളൂ. തലമുറകളിൽ നിന്നും തലമുറകളിലേക്കു പകർന്നു നൽകുന്ന ചിന്തകളും പ്രവൃത്തികളും താരതമ്യേന ദുർബലമായവ ലഭിക്കുന്നത് പിന്നോക്കവിഭാഗങ്ങളിലെ വ്യക്തികൾക്കാണ് എന്നു പറയേണ്ടിവരുന്നു. അത്തരമൊരു സാഹചര്യത്തിൽ വേണം മിശ്രവിവാഹത്തെ സമൂഹം എത്രത്തോളം പ്രോത്സാഹിപ്പിക്കാം എന്നതിനെപ്പറ്റി ചിന്തിക്കേണ്ടി വരുന്നത്.

കേരള സമൂഹം മിശ്രവിവാഹത്തെ ഏറെ പ്രോത്സാഹിപ്പിക്കുന്നു. വിഭിന്നങ്ങളായ അഭിരുചിയിലും താൽപ്പര്യത്തിലും ജനിച്ചുവളർന്നവർതന്നെ ഒന്നിച്ചു ജീവിക്കുക അത്ര എളുപ്പമല്ല. അപ്പോൾ ചിന്തകളിലും പ്രവൃത്തികളിലുമുള്ള വ്യതിയാനം എത്രത്തോളം ദുഷ്ക്കരമായിരിക്കും? **മുന്നോക്ക വിഭാഗങ്ങളിലെ വ്യക്തികളുടെ ചിന്തകളും പ്രവൃത്തികളും പിന്നോക്ക വിഭാഗങ്ങളിലെ വ്യക്തികളുടെ ചിന്തകളും പ്രവൃത്തികളും വ്യത്യസ്തമായിരിക്കും എന്നു തിരിച്ചറിയേണ്ടിയിരിക്കുന്നു.** ആയതുകൊണ്ടു തന്നെ ഇത്തരം മിശ്രവിവാഹങ്ങൾ സമൂഹത്തിലെ വ്യക്തിഹത്യകളുടെ, ആത്മഹത്യമുനമ്പിൻെറ ബാക്കി പത്രങ്ങളായി അവശേഷിക്കുന്നു.

ഭാരത സമൂഹം വിവാഹം എന്നത് ഒരു പരീക്ഷണമാക്കി മാറ്റാൻ ഒരിക്കലും തയ്യാറായിട്ടില്ല. അതുകൊണ്ടുതന്നെ ഒരിക്കൽ വിവാഹിതരായാൽ ജീവിതകാലം മുഴുവനും ഭാര്യാഭർത്താ

ക്കന്മാരായി ജീവിക്കുവാൻ നിർബന്ധിതരാക്കപ്പെടുന്നു. ഇത് പുതുതലമുറക്ക് ഒരു പരിധിവരെ സുരക്ഷിതബോധം നൽകുകയും ചെയ്യുന്നു. എന്നാൽ മേൽപ്പറഞ്ഞ പ്രകാരം ചിന്തകളിലും പ്രവൃത്തികളിലുമുള്ള വൈവരുദ്ധ്യം മൂലം മിശ്രവിവാഹത്തിൽ ഒരാൾ മനസ്സുമുരടിച്ച് വ്യക്തിത്വം നഷ്ടപ്പെട്ട് മൃതപ്രായനായി കഴിയേണ്ടിവരുന്നു. ഇത്തരമൊരവസ്ഥ മരണത്തേക്കാൾ ഒട്ടും അഭികാമ്യമല്ല എന്നത് ഈ വിഷയത്തിൻെറ ഗൗരവത്തെയാണ് സൂചിപ്പിക്കുന്നത്.

സമൂദായിക പരിഗണനകൾ ഉന്നത വിദ്യാഭ്യാസത്തിൻെറ പ്രവേശനത്തിലും സർക്കാർ സേവന മേഖലയിലും ഭരണമേഖലയിലും നിലനിൽക്കുന്നു. യോഗ്യതകൾ പരിഗണിക്കാതുള്ള ഇത്തരം മാനദണ്ഡങ്ങൾ സമൂഹത്തിൻെറ പ്രവൃത്തികളെയും ചിന്തകളെയും സ്വാധീനിക്കുന്നു. ഇത്തരം വ്യക്തികൾ ഭരണനിർവ്വഹണ മേധാവികളായി വരുന്നതുമൂലം കാര്യക്ഷമതയിലും ഉയർന്ന ചിന്തകളിലും ഏറ്റക്കുറച്ചിലുകളുണ്ടാവുന്നു.

**മിശ്രവിവാഹം പ്രോത്സാഹിപ്പിക്കുന്നതുമൂലം വ്യക്തികളുടെ ജീവിതം തന്നെയാണ് സമൂഹം കളിപ്പന്താക്കി മാറ്റിയിരിക്കുന്നത്.** ഉന്നതവിദ്യാഭ്യാസ മേഖലയിലും മറ്റിതര സർക്കാർ മേഖലയിലും എന്നതുപോലെതന്നെ മിശ്രവിവാഹത്തിലും നമ്മൾ പ്രോത്സാഹനം നൽകുമ്പോൾ നമ്മൾ എവിടേക്കാണ് സമൂഹത്തെ നയിക്കുന്നത് എന്നു ചിന്തിക്കേണ്ടിയിരിക്കുന്നു.

ഒരു വ്യക്തിയുടെ ചിന്തകളെയും പ്രവൃത്തികളെയും ബലപ്പെടുത്തുന്നത് അയാളുടെ മസ്തിഷ്ക്കം പക്വത പ്രാപിക്കുന്ന ഇളം പ്രായത്തിലാണ്. വിഷയത്തിൻെറ ഗൗരവം മനസ്സിലാക്കാതുള്ള മിശ്രവിവാഹത്തെ വിവാഹം എന്ന വലിയ കെണികളാക്കി മാറ്റുന്നതിനുമുൻപ് ആവശ്യമായ ബോധവർക്കരണ ക്ലാസ്സുകൾ നൽകാൻ സർക്കാർ മുന്നോട്ടു വരേണ്ടിയിരിക്കുന്നു. ഇത്തരം വിവാഹങ്ങളിൽ മറഞ്ഞിരിക്കുന്ന കെണികളെ ഉൾക്കൊണ്ടുകൊണ്ട് ഒരു പുനർവിചിന്തനത്തിനുള്ള അവസരം അവർ അർഹിക്കുന്നു. അത്തരം ബോധവൽക്കരണ ക്ലാസ്സുകൾ നിർബന്ധമാക്കുക വഴി സമൂഹത്തിൻെറ കടമ നിർവഹിച്ചു എന്നു നമുക്കഭിമാനിക്കാം. ❋

# 5. ഭ്രാന്താലയവും ഉന്നത വിദ്യാഭ്യാസവും

**കേരളത്തെ** ഭ്രാന്താലയമെന്ന് ആരാണ് വിശേഷിപ്പിച്ചിരിക്കുന്നത്. ബുദ്ധിശൂന്യമായ പ്രവൃത്തികളിലൂടെ, പ്രചാരണങ്ങളിലൂടെ ഭ്രാന്താലയങ്ങൾ സൃഷ്ടിക്കപ്പെടുന്നു. നമ്മുടെ വിദ്യാഭ്യാസ മേഖല പരിശോധിച്ചാൽ കേരളത്തെ പുരോഗതിയിലേക്കാണ് നയിക്കുന്നത് എന്ന് പ്രചരിപ്പിച്ച് ഭ്രാന്താലയമാക്കാനുള്ള ശ്രമത്തിലാണ്.

നിലവിൽ പഠനനിലവാരത്തിലും അർപ്പണമനോഭാവത്തിലും കാര്യനിർവ്വഹണ ശേഷിയിലും മുൻപന്തിയിലുള്ള മുന്നോക്ക വിഭാഗങ്ങളെ സാമൂഹ്യ നീതിയുടെ പേരുപറഞ്ഞ് പഠിക്കുവാനുള്ള അവസരം നിഷേധിക്കുകവഴി കേരളം ഭ്രാന്താലയമാണെന്ന് ഒരിക്കൽ കൂടി തെളിയിച്ചിരിക്കുന്നു.

ഏതൊരു രാജ്യത്തെ പുരോഗതിക്കും അവിടത്തെ ശാസ്ത്ര പുരോഗതിയും സാങ്കേതികമേൻമയും കാരണമാകുന്നു. അങ്ങനെ മികവിൻെറ ലോകം വാർത്തെടുക്കേണ്ടിടത്താണ് കേരളത്തിലെ ഭരണാധികാരികൾ ഉന്നത വിദ്യാഭ്യാസമേഖലയെ സീറ്റുകളുടെ എണ്ണംകൊണ്ട് അമ്മാനമാടുന്നത്. എണ്ണിതിട്ടപ്പെടുത്തിയ സീറ്റുകളിലാകട്ടെ ഉന്നതവിദ്യഭ്യാസ മേഖലയിൽ ഒരു കൂട്ടം പഠനാർത്ഥികൾ മറ്റൊരു കൂട്ടം പഠനാർത്ഥികളുടെ ചെലവ് വഹിക്കണമെന്നു വാശി പിടിക്കുകയും ചെയ്യുന്നു. **പഠനാർത്ഥിയുടെ മികവ് പരിഗണിക്കാതെ, സീറ്റുകളിലെ വിഭാഗീയമായ വേർതിരിവുകൾമൂലം, യഥാർത്ഥത്തിൽ മുൻപന്തിയിലെത്തിയ പഠനാർത്ഥിക്കു പഠിക്കണമെങ്കിൽ മറ്റൊരു സഹപാഠിയുടെ ചെലവു വഹിക്കേണ്ടതായി വരികയും ചെലവു താങ്ങാനാവാതെ ആ പഠനാർത്ഥി പഠനം അവസാനിപ്പിക്കേണ്ടതായും വരുന്നു.** മിക

വിൻെറ ലോകം വാർത്തെടുക്കേണ്ടിടത്താണ് ഉന്നതവിദ്യാഭ്യാസ മേഖലയിൽ യഥാർത്ഥത്തിൽ മുൻപന്തിയിലെത്തിയ പഠനാർത്ഥിയുടെ മികവ് പരിഗണിക്കാതിരിക്കുന്നത്.

സർക്കാർ സാമ്പത്തികസഹായം നിഷേധിക്കുന്നിടത്തോളം കാലം പഠനാർത്ഥിയെ സംബന്ധിച്ചിടത്തോളം ഉന്നത വിദ്യാഭ്യാസത്തിനാവശ്യമായ സാമ്പത്തിക ചെലവിന് മറ്റുള്ളവരെ ആശ്രയിക്കാതെ നിവർത്തിയില്ല തന്നെ. പ്രായപൂർത്തിയായ പഠനാർത്ഥികൾ ഉന്നതവിദ്യാഭ്യാസം നേടുന്നതിനായി രക്ഷിതാക്കളെ ആശ്രയിക്കേണ്ടതായും വരുന്നു. ഇത്തരമൊരു സാഹചര്യത്തിൽ വേണം യഥാർത്ഥ മികവുള്ള പഠനാർത്ഥി ഉന്നത വിദ്യാഭ്യാസം നേടണമെങ്കിൽ മറ്റൊരു സഹപാഠിയുടെ പഠനചെലവ് വഹിക്കണമെന്ന സാമ്പത്തിക ശാസ്ത്രത്തിലെ നിരർത്ഥകത വിലയിരുത്തേണ്ടത്.

ഉന്നതവിദ്യാഭ്യാസത്തിനുള്ള സീറ്റുകൾ പരിമിതപ്പെടുത്തുന്നതിൽ രാഷ്ട്രീയവും സാമ്പത്തികവുമായ മേഖലകളെ നിയന്ത്രിക്കുന്നവർ വിജയം വരിക്കുകയും ചെയ്തിട്ടുണ്ട്. **നമ്മുടെ സമൂഹത്തിൽ രാഷ്ട്രീയവും സാമ്പത്തികവുമായ മേഖലകളെ കാർന്നുതിന്നുന്നവരുടെ അനന്തര തലമുറകൾ വിദേശങ്ങളിൽ പോയി ഉന്നത വിദ്യാഭ്യാസം നേടി തിരിച്ചുവരുന്നു.** ഇത്തരം വിദേശ വിദ്യാഭ്യാസം നേടുന്നവർ സ്വന്തം നാട്ടിൽ ഉന്നത വിദ്യാഭ്യാസം നിഷേധിക്കപ്പെട്ട തലമുറകളുടെ ശരാശരി പഠനനിലവാരത്തിലും താഴെയാണെന്നത് ഉന്നതവിദ്യാഭ്യാസ രംഗത്തിലെ നീതിബോധമില്ലാത്ത ഭ്രാന്തൻ ആശയങ്ങൾക്ക് കേരളം എത്രമാത്രം അടിമപ്പെട്ടിരിക്കുന്നു എന്നു വ്യക്തമാക്കപ്പെടുന്നു.

കാലഘട്ടത്തിനൊത്തവിധം ശാസ്ത്ര സാങ്കേതിക മേഖലകളിലെ ഉന്നതവിദ്യാഭ്യാസത്തിനുള്ള അവസരങ്ങൾ വർദ്ധിപ്പിക്കുവാനുള്ള ശ്രമങ്ങളെ രക്തസാക്ഷികളെ സൃഷ്ടിച്ചാണ് ചെറുത്തു തോൽപ്പിക്കുന്നത് എന്നത് ക്രൂരമായ സാമൂഹ്യ വ്യവസ്ഥിതി നിലനിൽക്കുന്നു എന്നു വ്യക്തമാക്കപ്പെടുന്നു. രക്തസാക്ഷികളെ സൃഷ്ടിച്ചും ഉന്നതവിദ്യാഭ്യാസത്തിനുള്ള അവസരങ്ങൾ സമൂഹത്തിനു നിഷേധിച്ചും രക്തപങ്കിലമായ സമരങ്ങൾക്ക് നേതൃത്വം നൽകുന്ന സംഘടനകളും അവരുടെ പിൻതലമുറകളെ വിദേശത്ത് ഉന്നത വിദ്യാഭ്യാസത്തിനയയ്ക്കുന്നു. അത്തരം നേതൃത്വങ്ങൾക്ക് സമൂഹത്തോ

ടുള്ള കൂട്ടുത്തരവാദിത്വം ഈ മേഖലയിൽ നഷ്ടപ്പെട്ടിരിക്കുന്നു. സമൂഹത്തോടു നീതിപുലർത്താത്ത ഇത്തരം ആശയങ്ങൾക്ക് ബലിയാടുകളാക്കപ്പെടുന്നത് വിദ്യാർത്ഥികളോ യുവതീയുവാക്കളോ ആണ് എന്നത് നമ്മുടെ വിദ്യാർത്ഥി രാഷ്ട്രീയ സമരങ്ങളുടെ നിരർത്ഥകത വെളിവാക്കുന്നു.

മുന്നോക്കവിഭാഗങ്ങളിൽ നല്ല പഠനനിലവാരവും നല്ല അർപ്പണമനോഭാവവും നല്ല കാര്യനിർവ്വഹണശേഷിയുമുള്ളവർ കൂടുതലുള്ളതിനാൽ ഉന്നത വിദ്യാഭ്യാസത്തിനായി യോഗ്യതയുള്ളവർ എണ്ണത്തിൽ കൂടുതലായി മുന്നോട്ടുവരികയും സാമൂഹ്യനീതിയുടെ പേരുപറഞ്ഞ് ഉന്നത വിദ്യാഭ്യാസത്തിനുള്ള അവസരങ്ങൾ അവർക്ക് നിഷേധിക്കുകയും ചെയ്യപ്പെടുന്നു. ലോകത്ത് ഒരുപക്ഷേ കേരളത്തിൽ മാത്രമായിരിക്കാം ഇത്തരം ഭ്രാന്തൻ ആശയങ്ങൾ വേഗത്തിൽ വേരൂന്നിയിരിക്കുന്നത്. സാമൂഹ്യനീതി എന്നു പറഞ്ഞാൽ, ഉന്നത വിദ്യാഭ്യാസത്തിനുള്ള പൊതുവായ അവസരങ്ങൾ കുറച്ച് പഠനനിലവാരത്തിലും കാര്യാവലോകനത്തിലും കാര്യനിർവ്വഹണത്തിലും പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് മുൻഗണന നൽകി വിദ്യാഭ്യാസ നിലവാരവും അതുവഴി സാമൂഹ്യ, രാഷ്ട്രീയ, ഉദ്യോഗസ്ഥ മേഖലകളിലെ മേൻമയും തകർക്കുക എന്നതായി മാറിയിരിക്കുന്നു.

**ഉന്നത വിദ്യാഭ്യാസ മേഖല പോലുള്ള അതീവ ജാഗ്രത പുലർത്തേണ്ടതും സാമൂഹ്യമായ പ്രത്യാഘാതങ്ങൾക്ക് നിമിത്തമായേക്കാവുന്നതുമായ മേഖലകളിൽപോലും ജാതി-മത പരിഗണനകൾ വച്ചുള്ള പ്രവേശനം നീതിബോധത്തേയും രാഷ്ട്രതന്ത്രജ്ഞതയേയും അവഗണിക്കുന്നതിനു തുല്ല്യമാണ്.**

ശാസ്ത്ര പുരോഗതിയുടെ കാലോചിതമായ വളർച്ചയെ അവഗണിക്കുകവഴി അത്തരം രാഷ്ട്രങ്ങൾ വികസിത രാഷ്ട്രങ്ങളുടെ ആശ്രിത രാഷ്ട്രങ്ങളായോ അവരുടെ ആജ്ഞാനുവർത്തികളായോ വർത്തിക്കേണ്ടതായി വരുന്നു. പൂർവ്വീകമായി ഒട്ടനവധി ശാസ്ത്രനേട്ടങ്ങൾ കൈവരിച്ചിട്ടുള്ള ഭാരതം പോലുള്ള രാഷ്ട്രങ്ങൾക്ക് ശാസ്ത്ര നേട്ടങ്ങളുടെ അഭാവത്തിലുള്ള ഇത്തരം അടിമത്തമനോഭാവം ഒരിക്കലും ഭൂഷണമല്ല. ഉന്നതവിദ്യാഭ്യാസ മേഖല രക്തരൂക്ഷിതമായ സമരങ്ങളാൽ കലുഷിതമാക്കിയിരി

ക്കുന്നവർ വോട്ടുബാങ്കുകളെ വളർത്തിയെടുക്കുക എന്നതിൽ മാത്രമാണ് നോട്ടമിട്ടിരിക്കുന്നത്. **രാഷ്ട്രതന്ത്രജ്ഞത എന്നത് രാഷ്ട്ര ങ്ങളെ പുരോഗതിയിലേക്കു നയിക്കുന്നതിനുള്ള തന്ത്രം മെന ഞ്ഞെടുക്കുക എന്നതു മാറി വികലമായ ആശയങ്ങൾ സമൂഹ ത്തിൽ പ്രചരിപ്പിച്ച് വോട്ടു ബാങ്കുകൾ വളർത്തിയെടുക്കുക എന്നതായി മാറിയിരിക്കുന്നു.**

ശാസ്ത്ര പുരോഗതിയുടെ കാലോചിതമായ വളർച്ചയെ അവഗണിച്ച് സാമ്രാജ്യത്വ രാഷ്ട്രങ്ങൾക്ക് നമ്മുടെ വരുംതലമുറ കളെ അടിയറവക്കുകയും അവരുടെ ആശ്രിത രാഷ്ട്രങ്ങളായി നിലനിർത്തുകയും ചെയ്യുക എന്നത് രാഷ്ട്രതന്ത്രജ്ഞതയില്ലാ യ്മയും കേരളത്തെ ഭ്രാന്താലയമെന്ന വിശേഷണത്തിന് യോഗ്യ മാക്കുകയും ചെയ്യുന്നു. ❄

# 6. ഉന്നത വിദ്യാഭ്യാസവും സാങ്കേതിക മേന്മയും

**വളർന്നുവരുന്ന** നല്ല സാഹചര്യങ്ങളും സാമൂഹ്യമായ നല്ല ഇടപെടലുകളും അവിടത്തെ അന്തരീക്ഷവുമാണ് നല്ല മനോഭാവത്തിലൂന്നിയ നേതൃത്വങ്ങളെ വളർത്തിയെടുക്കുന്നതിന് ആവശ്യമായിട്ടുള്ളത്. ഉന്നത വിദ്യാഭ്യാസ മേഖലയിലും ഗവേഷണമേഖലയിലും അത്തരത്തിലുള്ള നേതൃത്വങ്ങളുടെ ആവശ്യകത എടുത്തുപറയേണ്ടതാണ്. ഉന്നത വിദ്യാഭ്യാസ മേഖലയിലും ഗവേഷണ മേഖലയിലുമുള്ള വളർച്ചയാണ് ഏതൊരു രാജ്യത്തിന്റേയും സാമ്പത്തികവും സാമൂഹികവുമായ വളർച്ചാനിരക്കിനു സൂചികയായി കണക്കാക്കാവുന്നത്.

അർപ്പണമനോഭാവവും മാനുഷികമൂല്ല്യവും നല്ല നിലവാരവുമുള്ള സാമൂഹ്യ ചിന്തഗതിയുണ്ടായിരുന്ന നേതൃത്വങ്ങളാണ് കേരളീയ സമൂഹത്തിന്റെ താരതമ്യേന ഉയർന്ന സാക്ഷരതക്കും ഉയർന്ന ജീവിതനിലവാരത്തിനും കാരണമായിട്ടുള്ളത്. **സാമൂഹ്യ മനോഭാവത്തിലും അർപ്പണമനോഭാവത്തിലും ഊന്നിയ ദിശാബോധം ഇളംതലമുറക്ക് പകർന്നു നൽകുവാൻ കാലഘട്ടത്തിനൊത്തവിധം എല്ലാവിഭാഗം ജനങ്ങൾക്കും കഴിഞ്ഞിട്ടില്ല.**

കേരളത്തിലെ സേവന മേഖലയിൽ പ്രകടമാകുന്ന കഴിവില്ലായ്മ, പരിസര ശുചീകരണമില്ലായ്മ, കൈക്കൂലി എന്നിവ നിലവിൽ കേരളം നേരിടുന്ന സാമൂഹിക പ്രതിസന്ധിയുടേയും വളർച്ചാനിരക്കിലുള്ള തകർച്ചയുടേയും സൂചകങ്ങളാണ്. ഇത്തരം തകർച്ചകളെ തുറന്നു പറയുന്നത് ഇരുപത്തിയൊന്നാം നൂറ്റാണ്ടുവരെ കേരള സമൂഹം വിലക്കുകയോ, പുരോഗമനകരമായ കാര്യങ്ങളല്ലെന്നു കരുതുകയോ ചെയ്തിരുന്നു. ഇരുപത്തൊന്നാം നൂറ്റാണ്ടിന്റെ ആരംഭത്തോടുകൂടി സ്വാശ്രയമേഖല ശക്തി

പ്രാപിച്ചു. മൽസരക്ഷമത കുറഞ്ഞവർക്ക് മൽസരക്ഷമത കൂടിയവരുടെ ചെലവിൽ ഉന്നതപഠനം നൽകാൻ നിർബന്ധിതമാക്കപ്പെടുകയും ചെയ്തതോടുകൂടി കാര്യങ്ങൾ തുറന്നു പറയാമെന്നായി മാറി.

ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവേശനം നൽകുന്നത് പഠനനിലവാരത്തിലെ മേന്മയിലല്ല മറിച്ച് പിന്നോക്ക വിഭാഗങ്ങളിൽപ്പെട്ട പഠനാർത്ഥികളുടെ ലഭ്യതയെ ആശ്രയിച്ചാണ്. **ഉന്നത വിദ്യാഭ്യാസം നേടിയെടുത്ത ഏതൊരാളേയും മത്സരബുദ്ധിയോടുകൂടി കരസ്ഥമാക്കിയതാണോ എന്നു പരിഗണിക്കാതെ സമൂഹം ബഹുമാനത്തോടുകൂടി വീക്ഷിക്കുകയും അവരുടെ ആശയങ്ങൾക്ക് വേണ്ടതിൽ കൂടുതൽ പരിഗണന നൽകുകയും ചെയ്യുന്നു.** പഠനാർത്ഥിയെ കിട്ടുംവരെ എന്ന തോതിൽ പ്രവേശനം നേടി പഠനം പൂർത്തിയാക്കിയവർ മേന്മയേറിയ സ്ഥാപനങ്ങളിലും മേധാവികളായി വരുന്നു. നിലവാരമുള്ള സമൂഹത്തിൽ താരതമ്യേന മേന്മ കുറഞ്ഞ ആശയങ്ങൾ അടിച്ചേൽപ്പിക്കപ്പെടാൻ ഇതു കാരണമായി. ഇത്തരത്തിൽ ഉന്നത വീക്ഷണങ്ങളും യോഗ്യതകളും അവഗണിക്കപ്പെടുന്നതുമൂലം സമൂഹത്തിനുണ്ടാകുന്ന ഭവിഷ്യത്ത് പരിഗണിക്കപ്പെടാതെ പോകുന്നു.

കേരളത്തിലെ ഇന്നത്തെ അവസ്ഥയിൽ വിവിധങ്ങളായ മേഖലകളിൽ (ഉന്നതവിദ്യാഭ്യാസ മേഖലയിലും തൊഴിൽ മേഖലയിലും) സമുദായിക പരിഗണനകളാണ് പ്രവേശനത്തിന് ആധാരമായിട്ടുള്ളത്. അത്തരം സാമുദായിക പരിഗണനകൾ വച്ചുള്ള പ്രവേശനം കേരളത്തിലെ സർക്കാർ സേവന-ഗവേഷണ മേഖലകളിലും ഭരണമേഖലയിലും ഏൽപ്പിച്ചിരിക്കുന്ന പ്രത്യാഘാതങ്ങൾ അതീവ ഗുരുതരമോ പ്രതിസന്ധിക്കു സമാനമോ ആകുന്നു. ഇത്തരം സമുദായിക പരിഗണനകളെ പ്രോൽസാഹിപ്പിക്കുന്നതിൽ മുന്നോക്ക വിഭാഗങ്ങളുടെ മൗനാനുവാദം കാരണമായിട്ടുണ്ട്. അതുകൊണ്ടുതന്നെ സാമുദായിക പരിഗണനകളില്ലാത്ത, നല്ല മനോഭാവത്തിലൂന്നിയ നേതൃത്വങ്ങളെ വളർത്തിയെടുക്കാനുതകുന്ന ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കാനുള്ള ഉത്തരവാദിത്വം മുന്നോക്ക വിഭാഗങ്ങളിൽ വന്നു ചേരുന്നു.

കേരളത്തിലെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ പുരോഗമനമെന്നു കരുതി പ്രോൽസാഹിപ്പിച്ചിരുന്ന പല ആശയങ്ങളും സാമൂഹിക പ്രതിസന്ധിക്കും വളർച്ചാനിരക്കിലുള്ള തകർച്ചക്കും കാരണമായിട്ടുണ്ട് എന്നു തുറന്നു സമ്മതിക്കുവാൻ ഇരുപത്തൊന്നാം നൂറ്റാണ്ടുവരെ കാത്തിരിക്കേണ്ടി വന്നു. എന്നിട്ടും കേരളത്തിൽ യു.ജി.സി., എ.ഐ.സി.റ്റി. നിബന്ധനകൾക്ക് പുറമേ സർക്കാർ നിബന്ധനകൾകൂടി പാലിക്കപ്പെടണമെന്നു നിർബന്ധിക്കുന്നു. **സർക്കാർ നിബന്ധനകൾ പാലിക്കപ്പെടേണ്ടി വരുന്നതിനാൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഉന്നത സ്ഥാനങ്ങൾ അലങ്കരിക്കുവാൻ കഴിയുംവിധം ബിരുദധാരികളെ യോഗ്യരാക്കുവാൻ കഴിയുന്നില്ല.** സമുദായിക പരിഗണനയും അതുവഴി മൽസരക്ഷമത കുറഞ്ഞവർക്ക് മൽസരക്ഷമത കൂടിയവരുടെ ചെലവിൽ ഉന്നത പഠനം നൽകാൻ നിർബന്ധിതമാക്കപ്പെടുന്നതും അത്തരത്തിലുള്ള നിബന്ധനയാണ്. ഇത്തരം നിബന്ധനകൾ ഉന്നത വിദ്യാഭ്യാസമേഖലയിലെ പഠനനിലവാര തകർച്ചക്കും അതുവഴി ഉന്നത വീക്ഷണങ്ങളുടെ തകർച്ചക്കും കാരണമാകുന്നു.

ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഇപ്പോൾ നൽകപ്പെട്ടുകൊണ്ടിരിക്കുന്ന സർട്ടിഫിക്കറ്റുകളുടെ മേന്മ പത്തൊമ്പതാം നൂറ്റാണ്ടിനു ചേർന്നതാണ്. സർട്ടിഫിക്കറ്റുകളുടെ മേന്മ ഇരുപത്തിയൊന്നാം നൂറ്റണ്ടിനൊത്തവിധം യോജ്യമാക്കാനുള്ള ബാധ്യത മുന്നോക്ക വിഭാഗങ്ങൾക്ക് തന്നെയാണ്. അതുവഴി അർപ്പണ മനോഭാവവും മാനുഷിക മൂല്ല്യവും നല്ല ചിന്താഗതിയുമുള്ള നേതൃത്വങ്ങളെ വളർത്തിയെടുക്കാൻ കഴിയുന്നു.

ഉന്നത വിദ്യാഭ്യാസ മേഖലയിൽ സർക്കാർ നിബന്ധനകൾ (സമുദായിക പരിഗണനയും അതുവഴി മൽസരക്ഷമത കുറഞ്ഞവർക്ക് മൽസരക്ഷമത കൂടിയവരുടെ ചെലവിൽ ഉന്നത പഠനവും) പാലിക്കപ്പെടേണ്ടത് സർക്കാർ സ്ഥാപനങ്ങളുടെ മാത്രം ബാധ്യതയായി മാറ്റി നിർത്താനുള്ള ആർജ്ജവം കേരളീയൻ, പ്രത്യേകിച്ച് മുന്നോക്ക വിഭാഗങ്ങൾ പ്രകടിപ്പിക്കേണ്ടിയിരിക്കുന്നു. സ്വതന്ത്ര്യാനന്തര കേരളത്തിൽ ഏറെ മാറ്റങ്ങൾക്ക് കാരണഭൂതരായ മുന്നോക്ക വിഭാഗങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ

മേഖലയിലെ ഉയർന്ന മൂല്യങ്ങളും ഉയർന്ന പഠനനിലവരാവും ഉയർന്ന വീക്ഷണങ്ങളും കാത്തുസൂക്ഷിക്കാനുള്ള ബാധ്യതയുണ്ട്. നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ഇത്തരം മൂല്ല്യങ്ങളാണ് നമ്മുടെ സമൂഹത്തെ വേണ്ടംവിധം നയിക്കുന്നതും നയിക്കേണ്ടതും എന്ന് കേരളീയൻ തിരിച്ചറിയേണ്ടിയിരിക്കുന്നു.

കേരളത്തിൽ സമുദായങ്ങളെ വേർതിരിച്ച് പിന്നോക്കവിഭാഗങ്ങളുടെ വിദ്യാഭ്യാസ കാര്യങ്ങളിൽ സർക്കാർ ആവുന്നത്ര ശ്രദ്ധ കേന്ദ്രീകരിച്ചിട്ടുണ്ട് എന്നത് സ്വാഗതാർഹമായ കാര്യം തന്നെയാണ്. ഏതൊരു സാഹചര്യത്തിലും കാലഘട്ടത്തിനു യോജിക്കാത്ത നിബന്ധനകൾക്ക് വിധേയമായി ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നത് മുന്നോക്ക വിഭാഗങ്ങളുടെ ബാധ്യതയല്ലാതായി മാറിയിരിക്കുന്നു. തനതും സ്വതന്ത്രവുമായ ഉന്നത വിദ്യാഭ്യാസ പരിശീലനകേന്ദ്രങ്ങൾ ആരംഭിക്കുവാൻ മുന്നോക്കവിഭാഗങ്ങൾക്കു കഴിയേണ്ടിയിരിക്കുന്നു. **മുന്നോക്ക വിഭാഗങ്ങൾ സമുദായ പരിഗണനകൾ മാറ്റിനിർത്തി യോഗ്യതയുടെ അടിസ്ഥാനത്തിൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കേണ്ടിയിരിക്കുന്നു.** എന്നാൽ മാത്രമെ മേന്മയുള്ളതും മത്സരപ്രധാനമായതും ഇരുപത്തിയൊന്നാം നൂറ്റാണ്ടിനൊത്തവിധം വികസനത്തിനുതകുന്നതുമായ യോഗ്യരായവരെ വാർത്തെടുക്കുവാൻ സാധിക്കുകയുള്ളൂ. ഇപ്പോഴത്തെ പ്രശ്നസങ്കീർണ്ണമായ ഉന്നത വിദ്യാഭ്യാസ മേഖലയിലെ ജീർണ്ണാവസ്ഥയെ അതിജീവിക്കുവാനുള്ള പ്രശ്നപരിഹാരം അതു മാത്രമേയുള്ളൂ.

സർട്ടിഫിക്കറ്റുകളുടെ മേന്മ നോക്കാതെ, യോഗ്യതയുടെ പരിഗണനയിൽ നിയമനം നൽകപ്പെടുന്ന വ്യവസായ - വ്യവസായേതര സ്ഥാപനങ്ങൾ അനുദിനം വളർന്നുവരുന്ന സാഹചര്യത്തിൽ ഇത്തരം ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ആവശ്യകതയും നിലനിൽപ്പും വെളിവാക്കപ്പെടുന്നു. ഇപ്പോൾ നിലവിലുള്ള സർട്ടിഫിക്കറ്റിലൂന്നിയുള്ള സ്ഥാപനങ്ങളെ അവഗണിച്ചുകൊണ്ട് സ്വതന്ത്രമായ ഉന്നത സാങ്കേതിക, വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുവാൻ മുന്നോക്കവിഭാഗങ്ങൾ മുന്നോട്ടു വരുക തന്നെ വേണം. ❋

# 7. പിന്നോക്കവിഭാഗങ്ങളും ആത്മവിശ്വാസവും

**വേണ്ടത്ര ആത്മവിശ്വാസം നേടണമെങ്കിൽ എന്തൊക്കെയാണ് അനിവാര്യമായിട്ടുള്ളത്.** നല്ല സാഹചര്യങ്ങളിൽ ജനിച്ചു വളരാൻ കഴിയണം. നല്ല വിദ്യാഭ്യാസം ലഭിക്കണം. നല്ല മാനസിക ശിക്ഷണം ലഭിച്ചിരിക്കണം ഇത്രയുമൊക്കെയാണ് പൊതുതത്ത്വമായി പറയാനുള്ളത്. നല്ല ജീവിതസാഹചര്യങ്ങളിൽ ജനിച്ചുവളരാൻ കഴിയാതെ പോയവർക്ക് അത്തരം സമൂഹത്തിനൊത്ത വിധം വളർന്നു വരുവാനേ കഴിയുകയുള്ളൂ. നല്ല വിദ്യാഭ്യാസത്തിൻെറ അഭാവത്തിൽ പക്വമായ അറിവിൻെറ കുറവുമൂലം അത്തരം സമൂഹത്തിനൊത്ത വിധമേ വളർന്നുവരുവാൻ കഴിയുകയുള്ളൂ. നല്ല മാനസികവളർച്ച നേടണമെങ്കിൽ നല്ല മാനസികശിക്ഷണം അനിവാര്യമാണ്.

നല്ല ജീവിതസാഹചര്യങ്ങളിൽ ജീവിച്ചു വളരാൻ കഴിയാത്തവർക്ക് നല്ല സമൂഹത്തെ വളർത്തിയെടുക്കുവാനോ അതിനു നേതൃത്വം കൊടുക്കുവാനോ കഴിയുകയില്ല. വേണ്ടത്ര വിദ്യാഭ്യാസം നേടാൻ കഴിയാത്തവർക്ക് പക്വമായ അറിവിൻെറ അഭാവത്തിൽ സമൂഹത്തെ നേരാംവണ്ണം നയിക്കുവാനും കഴിയുകയില്ല. നല്ല മാനസികശിക്ഷണം ലഭിക്കാതെ വളർന്നവർക്ക് സമൂഹത്തെ ദുഷിപ്പിക്കുവാൻ മാത്രമേ കഴിയുകയുള്ളൂ. മേൽപ്പറഞ്ഞ സാമൂഹ്യസാഹചര്യങ്ങളിൽ ഊന്നിയ വിവിധ സമൂഹങ്ങളാണ്, വിഭാഗങ്ങളാണ് ഇന്നു നിലവിലുള്ളത്. മേൽപ്പറഞ്ഞ നല്ല സാമൂഹ്യസാഹചര്യങ്ങളുടെ അഭാവം ഏറ്റവും കൂടുതലായി കാണപ്പെടുന്നത് പിന്നോക്ക വിഭാഗങ്ങളിൽ തന്നെയാണ്. അത്തരം വിവിധങ്ങളായ വിഭാഗങ്ങളായി കഴിഞ്ഞുപോരുന്നവർ തങ്ങളുടെ വിഭാഗങ്ങളിലെതന്നെ മറ്റു അംഗങ്ങളുമായി താരതമ്യം ചെയ്യുന്നു.

**പിന്നോക്കവിഭാഗങ്ങളെ സംബന്ധിച്ചിടത്തോളം തങ്ങളുടെ വിഭാഗങ്ങളിലെ പിന്നോക്കം നിൽക്കുന്ന മറ്റു അംഗങ്ങളുമായി താരതമ്യം ചെയ്യുന്നു.** ലഭിക്കുന്നതാകട്ടെ പിന്നോക്കം നിൽക്കുന്നവരിൽ കൂടുതൽ ഗുണമേന്മയുള്ള വ്യക്തികളെയാണുതാനും. കണ്ടെത്തിയ വ്യക്തിയെ തങ്ങളിലെ നേതാവായി പ്രതിഷ്ഠിക്കുന്നു. ഫലത്തിൽ കൂടുതൽ ഗുണമേന്മ എന്നത് തെറ്റായി ചിത്രീകരിക്കപ്പെടുന്നു. ഇത്തരം സാഹചര്യങ്ങൾ സമൂഹത്തിലെ യഥാർത്ഥ ഗുണനിലവാരത്തെയൊ ആത്മവിശ്വാസത്തെയൊ അല്ല പ്രതിഫലിപ്പിക്കുന്നത്. ഇത്തരം തെറ്റായ ആത്മവിശ്വാസം നേടിയെടുത്ത പിന്നോക്കവിഭാഗക്കാരെ സമൂഹത്തിലെ ഉദ്യോഗസ്ഥ ഭരണ മേഖലകളിൽ പ്രതിഷ്ഠിക്കുകവഴി സമൂഹത്തെ മൊത്തത്തിൽ ദുഷിപ്പിക്കുകയോ തരംതാഴ്ത്തുകയോയാണ് ചെയ്യുന്നത് എന്ന് പറയേണ്ടിവരുന്നു.

വോട്ടുബാങ്കു നോക്കി മാറിമാറി വരുന്ന ഭരണകൂടങ്ങൾ ജനാധിപത്യത്തെ കശാപ്പ് ചെയ്യുംവിധം പിന്നോക്ക ചിന്തകളെയാണ് പ്രീണിപ്പിക്കുന്നത്. പിന്നോക്കചിന്തകളെ പ്രീണിപ്പിക്കുകവഴി സമൂഹത്തെ കാലഘട്ടത്തിനൊത്തവിധം വളർത്തിയെടുക്കുവാൻ കഴിയുന്നില്ല. നമ്മുടെ സമൂഹത്തെ തെറ്റിദ്ധരിപ്പിക്കുംവിധം പിന്നോക്ക ചിന്തകളിലൂന്നിയ ആത്മവിശ്വാസവുമായി മുന്നേറാൻ പിന്നോക്ക വിഭാഗങ്ങൾക്ക് കഴിയുന്നുണ്ട്. ഈ തെറ്റായ ആത്മവിശ്വാസം നമ്മുടെ സമൂഹത്തെ തെറ്റായ ദിശയിലേക്ക് തന്നെയാണ് നയിക്കുന്നത്.

ഉന്നത വിദ്യാഭ്യാസ മേഖലയിലും റിസർച്ച് ആൻറ് ഡവലപ്പ്മെൻറ് മേഖലയിലും സർക്കാർ സേവന മേഖലയിലും ഇതര ഭരണമേഖലയിലും തെറ്റായ ആത്മവിശ്വാസവുമായാണ് പിന്നോക്കവിഭാഗങ്ങളിൽ കൂടുതലും എത്തുന്നത്. ഇത് സമൂഹത്തിന് തെറ്റായ ദിശാബോധം നൽകുന്നു. യഥാർത്ഥ ഗുണനിലവാരത്തിലൂന്നിയുള്ള ആത്മവിശ്വാസമല്ല ഉന്നതസ്ഥാനങ്ങൾ അലങ്കരിക്കുവാൻ പിന്നോക്കവിഭാഗങ്ങളെ യോഗ്യരാക്കുന്നത് എന്നത് പ്രശ്നത്തെ കൂടുതൽ സങ്കീർണ്ണമാക്കുന്നു. ആളെകിട്ടും വരെ താഴ്ന്ന മത്സരക്ഷമതയുള്ളവർക്കും നിയമനം എന്ന രീതിയിൽ വോട്ടുബാങ്കുകളെ നോട്ടമിട്ടുകൊണ്ടുള്ള ഇത്തരം നിയമനങ്ങൾ

സമൂഹത്തിൻെറ ഗുണനിലവാരമുള്ള ആത്മവിശ്വാസത്തെയാണ് തകർക്കുന്നത്.

തെറ്റിദ്ധരിപ്പിക്കപ്പെട്ട ആത്മവിശ്വാസവുമായി വിവിധ തലങ്ങളിൽ പ്രതിഷ്ഠിക്കപ്പെട്ട പിന്നോക്കവിഭാഗങ്ങളുടെ പ്രതിനിധികൾ സമൂഹത്തിലെ ഉന്നതമായ ചിന്തകളെ ബഹുമാനിക്കുമെന്നു കരുതുക വയ്യ. ഉന്നത ചിന്തകളെ ബഹുമാനിക്കാത്ത സാഹചര്യം സമൂഹത്തിൽ സൃഷ്ടിക്കപ്പെടുന്ന ആപത്ക്കരമായ അവസ്ഥ ഭയാനകമാണ്. **ഉന്നത ചിന്തകളെ ബഹുമാനിക്കാത്തവർ ഉന്നത പദവികൾ അലങ്കരിക്കുന്നതുമൂലമുണ്ടാകുന്ന ദുരവസ്ഥ ഒരു സമൂഹത്തിനുമുണ്ടാകരുതെന്ന് ആഗ്രഹിക്കാത്തവർ കഠിനഹൃദയരും ജീവനെ തെല്ലും ബഹുമാനിക്കാത്തവരുമാണ്.** ഉന്നത ചിന്തകളെ ബഹുമാനിക്കാത്തവർ ഉന്നത പദവികൾ അലങ്കരിക്കുന്നതുമൂലം അവരുടെ നിർദ്ദേശങ്ങൾ അനുസരിക്കപ്പെടേണ്ടി വരുന്ന അവസ്ഥ മരണത്തേക്കാൾ ഒട്ടും കുറവല്ല തന്നെ.

ഉന്നത ചിന്താധാരകളെ ആദരപൂർവ്വം ബഹുമാനിക്കുന്ന സമൂഹത്തിൽ മാത്രമെ എല്ലാക്കാലവും നീതിന്യായ വ്യവസ്ഥ നിലനിന്നു പോന്നിട്ടുള്ളൂ. സമൂഹത്തിൻെറ ശരിയായ നിലനിൽപ്പിന് നീതിന്യായ വ്യവസ്ഥ നിലനിന്നു പോരേണ്ടത് അത്യന്താപേക്ഷിതമാണ്. നേരായ ആത്മവിശ്വാസത്തിലൂന്നിയ നേതൃത്വങ്ങൾക്ക് മാത്രമെ ഒരു ജനതതിയെ പരിപോഷിപ്പിക്കുവാനും ശരിയായ ദിശയിലേക്ക് നയിക്കുവാനും കഴിയുകയുള്ളൂ. ശരിയായ ആത്മവിശ്വാസത്തിൻെറ അഭാവത്തിൽ ചെയ്യുന്ന പ്രവൃത്തികൾ ശരിയെന്ന് ഉന്നതപദവി അലങ്കരിക്കുന്ന വ്യക്തികൾ വിശ്വസിക്കുകയും അതിനായി സമൂഹത്തെ പ്രേരിപ്പിക്കുകയും ചെയ്യുന്നു. ഇങ്ങനെ തെറ്റായ ദിശാബോധത്തിലൂന്നിയ സമൂഹത്തിന് ആത്മവിശ്വാസത്തിലുള്ള പ്രസക്തി നഷ്ടപ്പെടുകയും നടുക്കയത്തിൽപ്പെട്ട് നട്ടം തിരിയുകയും ചെയ്യുന്നു. നൂറ്റാണ്ടുകളുടെ കഠിനപ്രയത്നത്തിൻെറ ഫലമായി നേടിയെടുത്ത ആത്മവിശ്വാസത്തിലൂന്നിയ സമൂഹത്തിൻെറ വളർച്ച എത്ര ലാഘവത്തോടെയാണ് നമ്മൾ നഷ്ടപ്പെടുത്തുന്നത് എന്നു പറയേണ്ടി വരുന്നു.

വിദ്യാഭ്യാസത്തിലും ആരോഗ്യത്തിലും സംസ്ക്കാരത്തിലും നേടിയെടുത്ത പ്രാമുഖ്യം ഇത്തരം തെറ്റായ ആതമവിശ്വാസത്തി

ലൂന്നിയ നേതൃത്വങ്ങൾ നിഷ്പ്രഭമാക്കിയിരിക്കുന്നു. ഉന്നതമൂല്ല്യങ്ങളെ ബഹുമാനിക്കാത്ത, നീതിന്യായ വ്യവസ്ഥയെ തകിടംമറിക്കുന്ന, അഴിമതിയുടെ ആഴക്കയത്തിൽ പുതഞ്ഞുപോയ സമൂഹത്തെ എങ്ങനെയാണ് പൂർവ്വസ്ഥാനത്ത് പ്രതിഷ്ഠിക്കുകയെന്നത് ഇനിയെങ്കിലും തിരിച്ചറിഞ്ഞില്ലെങ്കിൽ അമ്പും വില്ലിനും പകരം ബോംബും അണുവായുധങ്ങളും നിഷ്ക്കരുണം പ്രയോഗിക്കുന്ന ഇരുകാലികളെ മാത്രമെ സൃഷ്ടിക്കാൻ കഴിയുകയുള്ളൂ. അതിനു മാതൃകയാക്കാൻ കേരളത്തെതന്നെ ലഭിച്ചു എന്നതിൽ അഭിമാനം കൊള്ളാൻ യഥാർത്ഥ ആത്മാഭിമാനമുള്ള ആർക്കും കഴിയുകയില്ല. **ഭാവിതലമുറയോടുള്ള നമ്മുടെ കടപ്പാടിനും അവരുടെ ഉയർത്തെഴുന്നേൽപ്പിനും തെറ്റായ രാഷ്ട്രീയ, ഉദ്യോഗസ്ഥ നേതൃത്വങ്ങളല്ല ശരിയായ ആത്മവിശ്വാസത്തിലൂന്നിയ സമൂഹം സൃഷ്ടിക്കപ്പെടുകതന്നെയാണ് വേണ്ടത്.** ❋

## 8. കേരളത്തിലെ ആതുര വിദ്യാഭ്യാസ മേഖലകൾ

**കേരളത്തിൻെറ** വിദ്യാഭ്യാസമേഖല മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് വളരെ സ്വാഗതാർഹമായ നേട്ടം കൈവരിച്ചിരിക്കുന്നു. ഈ രംഗത്ത് ഇതര സംസ്ഥാനങ്ങളുടെ മേലുള്ള മേൽക്കോയ്മ അവകാശപ്പെടാൻ കഴിയും വിധം അത് വളർന്ന് പന്തലിച്ചിരിക്കുന്നു. ഈ അവസരത്തിൽ പഴയകാല ചരിത്രം ഒന്നു പരിശോധിക്കുന്നത് വളരെ അനുയോജ്യമായിരിക്കുമെന്നു തോന്നുന്നു. നമ്മുടെ സ്ക്കൂൾതല വിദ്യാഭ്യാസ സ്ഥാപനങ്ങൾ ദേശസാൽക്കരിച്ചിരുന്നുവെങ്കിൽ സംഭവിക്കുമായിരുന്ന പരാധീനതകൾ സംഭവിച്ചില്ല എന്നത് ഒരു നേട്ടമായി കാണേണ്ടിയിരിക്കുന്നു.

**ലോകത്തിൽ കേട്ടുകേൾവി പോലുമില്ലാതിരുന്ന കാലത്താണ് ജനാധിപത്യത്തിലൂടെ കമ്മ്യൂണിസ്റ്റ് പാർട്ടിയെ അധികാരത്തിലേറ്റിയത് എന്നത് കേരള ജനതയുടെ ഏറ്റവും മനോഹരമായ ആശയസമ്പുഷ്ടിയുടെ നിറവായി കണക്കാക്കുന്നു.** ആശയങ്ങളുടെ മനോഹാരിതയിൽ എന്നും ഊറ്റം കൊണ്ടിരുന്ന കേരള ജനത കമ്മ്യൂണിസത്തിനെ വിലയിരുത്തുന്നതിൽ പരാജയപ്പെട്ടുവോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ലോക കമ്മ്യൂണിസത്തിൻെറ തകർച്ച അതിന് അടിവരയിടുകയും ചെയ്യുന്നു. ഒറ്റ സുപ്രഭാതത്തിൽ ഒരു സമൂഹത്തിൻെറ ചിന്തകൾക്കും പിൻതുടർച്ചയ്ക്കും വിരാമമിടാമെന്ന് ചിന്തിക്കുന്നത് മലർപൊടിക്കാരൻെറ സ്വപ്നമായി തന്നെ അവശേഷിക്കുന്നു. ഒരു പക്ഷെ ലോകത്തിൽ ഗാന്ധിജിയായിരിക്കാം ഒരു സമൂഹത്തിൻെറ ജീവിതക്രമം മുഴുവൻ ഉൾക്കൊള്ളിച്ചുകൊണ്ട് പ്രത്യയശാസ്ത്രം അവതരിപ്പിച്ചിരിക്കുന്ന വ്യക്തി.

കേരളത്തിലെ ആദ്യ കമ്മ്യൂണിസ്റ്റ് മന്ത്രിസഭയെ ഡിസ്മിസ് ചെയ്തത് ലോകത്തിലെ വലിയ ജനാധിപത്യ രാജ്യത്തിലെ ആദ്യ

ജനാധിപത്യ കശാപ്പായി നാം വിലയിരുത്തുന്നു. പുറകോട്ടു തിരിഞ്ഞു നോക്കുമ്പോൾ ആ ആദ്യ ജനാധിപത്യ കശാപ്പിനെ നമുക്കു ന്യായീകരിക്കാൻ പ്രയാസമുണ്ടെങ്കിലും കേരളത്തെ സാക്ഷരതയിൽ മുൻപന്തിയിലെത്തിക്കുന്നതിൽ അത് നിർണ്ണായക പങ്കു വഹിച്ചിട്ടുണ്ടെന്നു കരുതാതെ വയ്യ.

ദേശസാൽക്കരണം കമ്മ്യൂണിസ്റ്റ്-സോഷ്യലിസ്റ്റ് ആശയങ്ങളുടെ മുതൽക്കൂട്ടാണെങ്കിലും അത്തരം സ്ഥാപനങ്ങൾ ജനങ്ങളുടെ നികുതിപ്പണം പറ്റി കേരള ജനതയോട് നീതി പുലർത്താതെ നിലകൊള്ളുന്നു. കേരളത്തിലെ പ്രൈമറി വിദ്യാഭ്യാസ സ്ഥാപനങ്ങൾ ദേശസാൽക്കരിക്കപ്പെടുവാൻ കഴിയാതെ പോയത് മൂലം കേരളത്തിലെ സ്കൂൾ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഇതര ദേശസാൽകൃത സ്ഥാപനങ്ങൾക്ക് സംഭവിക്കുന്ന മൂല്യച്യുതിയിൽ നിന്നു രക്ഷനേടുവാൻ കഴിഞ്ഞു. ശക്തമായ മാനേജ്മെൻറിൻെറ അപര്യാപ്തത, രാഷ്ട്രീയക്കാരൻെറ കടന്നുകയറ്റം, അഴിമതി, സ്വജനപക്ഷപാതം എന്നിവയിൽ നിന്നും ദേശസാൽകൃത സ്ഥാപനങ്ങൾക്ക് മുക്തി നേടുവാൻ കഴിയാതെ പോയി.

**ശക്തമായ മാനേജ്മെൻറിൻെറ ഇടപെടലാണ് നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കെട്ടുറപ്പിനും വിദ്യാഭ്യാസ പുരോഗതിക്കും കാരണമായത്.** അതിൻെറ അഭാവവും ഇന്നു നിലനിൽക്കുന്ന കെടുകാര്യസ്ഥതയും ജനതയുടെ നികുതിപ്പണം ദുർവ്യയം ചെയ്യുന്ന ദേശസാൽകൃത സ്ഥാപനങ്ങൾ നിലനിർത്തിക്കൊണ്ടു പോകണമോ എന്നു ചിന്തിക്കുവാൻ പ്രേരിപ്പിക്കുന്ന കാര്യങ്ങളാണ്.

വിദ്യാഭ്യാസ സ്ഥാപനങ്ങളെ എയ്ഡഡ് മേഖലയിൽ പ്രവർത്തിക്കുവാൻ അനുവദിച്ചത് ചോദ്യം ചെയ്യപ്പെട്ട വസ്തുതയാണെന്നിരിക്കെ അത്തരം ചോദ്യം ചെയ്യപ്പെടലുകൾ നിഷ്ഫലമാക്കുകയായിരുന്നു തുടർന്നുള്ള പ്രവർത്തനങ്ങൾ. മാനേജ്മെൻറിൻെറ കാര്യക്ഷമമായ പ്രവർത്തനം വഴി കേരളത്തെ ജാതി മത വർഗ്ഗ വ്യത്യാസമില്ലാത്ത, മത്സരത്തിന് പ്രാധാന്യം നൽകുന്ന പഠനക്കളരികളാക്കി മാറ്റുവാൻ ഇത്തരം എയ്ഡഡ് സ്ഥാപനങ്ങൾക്ക് കഴിഞ്ഞു. സർക്കാർ വക ദേശസാൽകൃത സ്കൂളുകൾ ഒന്നൊന്നായി വെറും കെട്ടിടങ്ങളായി അവശേഷിക്കുമ്പോൾ എയ്ഡഡ് സ്കൂളുകൾ ഗ്രാമീണമേഖലക്കും സമൂഹത്തിലെ

താഴ്ന്ന വരുമാനക്കാർക്കും ഇന്നും സാമൂഹ്യവും സാംസ്ക്കാരികവുമായ വളർച്ചയ്ക്ക് വഴിയൊരുക്കുന്നു.

എയ്ഡഡ് സ്ഥാപനങ്ങളുടെ വരവോടുകൂടി സ്കൂൾ പ്രവേശനത്തിന് ജാതി-മത പരിഗണനകൾ ഇല്ലാതായി. സർക്കാർ ശമ്പളം വാങ്ങുന്ന അദ്ധ്യാപകർ ഇവയ്ക്ക് അതീതമായി വിദ്യാർത്ഥികൾക്ക് വിദ്യ പറഞ്ഞു കൊടുക്കുവാനും നിർബന്ധിതരായി. വൈവിദ്ധ്യമാർന്ന പശ്ചാത്തലങ്ങൾ ഉള്ളവരുടെ സമ്മേളന വേദിയായി മാറിയെങ്കിലും, ശക്തമായ മാനേജ്മെൻറിൻെറ പിൻബലത്താൽ സാംസ്ക്കാരിക നവോത്ഥാനത്തിനും ഇത്തരം എയ്ഡഡ് സ്ഥാപനങ്ങൾ കാരണക്കാരായി. എയ്ഡഡ് സ്ഥാപനങ്ങളിൽ നിയമനം ലഭിച്ചവർ ഒരു പരിധിവരെ നല്ല സംസ്ക്കാരവും ജീവിത യാഥാർത്ഥ്യബോധവുമുള്ള സമൂഹത്തിൽ ഇടപെട്ടു വളർന്നവരായിരുന്നു എന്ന അനുമാനത്തിൽ എത്തിച്ചേരാൻ ഇത് നമ്മെ നിർബന്ധിതരാക്കുന്നു.

**ശമ്പളവും ആനുകൂല്യങ്ങളും സർക്കാർ നേരിട്ടു നൽകുക എന്നാൽ ജീവനക്കാരെ നിയമിക്കുന്നതിലും മറ്റും സ്വതന്ത്രമായ ചുമതല മാനേജ്മെൻറിനു നൽകുക എന്നീ നയങ്ങൾ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നിലവാരം ഉയർത്താനും തദ്വാര നൂറു ശതമാനം പ്രാഥമിക വിദ്യാഭ്യാസം എന്ന സങ്കൽപ്പം സാക്ഷാൽകരിക്കുവാനും പര്യപ്തമായി.**

വിദ്യാഭ്യാസ മേഖലയിലെ എയ്ഡഡ് സ്ഥാപനങ്ങൾ പ്രകടിപ്പിച്ച ആർജ്ജവം ആതുര സേവന മേഖലകളിൽ ഇത്തരം എയ്ഡഡ് സ്ഥാപനങ്ങളുടെ ആവശ്യകത നമുക്കു മനസ്സിലാക്കിത്തരുന്നു. നമ്മടെ സർക്കാർ ആശുപത്രികളുടെ ശോച്യാവസ്ഥ, അനാരോഗ്യകരമായ അന്തരീക്ഷം, മുന്തിയ കൈക്കൂലി, മരുന്നു വാങ്ങുന്നതിലും ഉപയോഗപ്പെടുത്തുന്നതിലും ഉള്ള അന്തരം, അഴിമതി എന്നിവ നമ്മെ ഞെട്ടിപ്പിക്കുന്നതാണ്. ഇനിയും ഇത്തരം അനാരോഗ്യകരമായ അന്തരീക്ഷത്തിൽ നമ്മുടെ ആശുപത്രികൾ തുടരണമൊ എന്നു ചിന്തിക്കേണ്ടിയിരിക്കുന്നു.

കേരളത്തിലെ ആദ്യ കമ്മ്യൂണിസ്റ്റ് മന്ത്രിസഭയുടെ തുടർച്ച എന്നോണം ഒരു വിദ്യാഭ്യാസ അട്ടിമറി നടത്താനാണ് അമ്പതു വർഷങ്ങൾക്ക് ശേഷവും കേരളത്തിലെ ഭരണാധികാരികൾ ശ്രമിക്കുന്നത്. 21-ാം നൂറ്റാണ്ടിനൊത്തവിധം വിദ്യാഭ്യാസ പുരോഗതി

സാധ്യമാക്കുന്നതിന് ഉന്നത വിദ്യാഭ്യാസ മേഖലയുടെ വളർച്ച അത്യന്തം ആവശ്യമാണ്. അത്തരം ഒരു സാഹചര്യത്തിൽ വേണം കാര്യാവലോകനശേഷിയും കാര്യനിർവ്വഹണശേഷിയും കഴിവും മാത്രം പരിഗണിക്കപ്പെടേണ്ട ഉന്നതവിദ്യാഭ്യാസ മേഖലയിലെ പ്രവേശനം തടസ്സപ്പെടുത്തുവാനുള്ള ഏതൊരു സർക്കാർ നീക്കത്തേയും കാണേണ്ടത്.

കേരളം ഉന്നതവിദ്യാഭ്യാസ മേഖലയിൽ പിന്നോക്കം പോകുന്നു എന്ന തിരിച്ചറിവ് നമ്മളെ സെൽഫ് ഫിനാൻസിംഗ് മേഖലയിൽ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുവാൻ പ്രേരിപ്പിക്കുന്നു. **വിദ്യാഭ്യാസ സ്ഥാപനങ്ങളെ വിദ്യാഭ്യാസ കച്ചവടത്തിൻേറയും സാമൂഹ്യനീതിയുടേയും പേരു പറഞ്ഞ് തകർക്കാനുള്ള ശ്രമങ്ങളെ പരാജയപ്പെടുത്തുവാൻ 50 വർഷങ്ങൾക്ക് മുമ്പുതന്നെ കേരളീയന് കഴിഞ്ഞിരുന്നു.** വിദ്യാഭ്യാസ സ്ഥാപനങ്ങൾ അട്ടിമറിക്കാനുള്ള അത്തരം ചിന്താഗതിയുടെ പിൻമുറക്കാർ കൂടുതൽ ഊർജ്ജം ഉൾക്കൊണ്ട് കാലഘട്ടത്തിൻെറ ആവശ്യമായ ഉന്നതവിദ്യാഭ്യാസ മേഖലയിലേക്ക് ചേക്കേറിയിരിക്കുന്നു.

ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ന്യൂനപക്ഷപദവി നിഷേധിച്ചും ഇത്തരം സ്ഥാപനങ്ങളിൽ വിവിധതരം ഫീസ് ഘടന നിശ്ചയിച്ചും സെൽഫ് ഫിനാൻസിംഗ് മേഖലയിലെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ അട്ടിമറിക്കുവാൻ ശ്രമിക്കുന്നു. ആശയങ്ങളുടെ മനോഹാരിത ചൂണ്ടിക്കാട്ടി വോട്ടുബാങ്കുകളെ സ്വാധീനിക്കുവാനുള്ള ശ്രമമാണ്, ന്യൂനപക്ഷ സ്ഥാപനങ്ങളുടേയും വിദ്യാഭ്യാസത്തിൽ മുൻപന്തിയിലുള്ള സമൂദായാംഗങ്ങളുടേയും ചെലവിൽ കാര്യാവലോകനശേഷിയും കാര്യനിർവ്വഹണശേഷിയും കുറഞ്ഞ സമുദായാംഗങ്ങളുടെ സൗജന്യ ഉന്നതവിദ്യാഭ്യാസം എന്ന ആശയം മുന്നോട്ടുവക്കുവാൻ പ്രേരിപ്പിക്കുന്നത്.

കേരളത്തിനെ ആതുര-വിദ്യാഭ്യാസ മേഖലകളിൽ മുൻപന്തിയിലെത്തിക്കുന്നതും സാമൂഹികവും സാംസ്ക്കാരികവുമായ വളർച്ചയ്ക്ക് ഉതകുന്നതുമായ പ്രവർത്തനങ്ങളെ അട്ടിമറിക്കുവാൻ ശ്രമിക്കുന്നത് നിന്ദ്യവും അവലനീയവുമാണ്. ഇത്തരം പ്രവർത്തനങ്ങളെ കേരള ജനത തിരിച്ചറിഞ്ഞ് ഉന്നത വിദ്യാഭ്യാസ മേഖല തകർക്കാനുള്ള ശ്രമങ്ങൾ പരാജയപ്പെടുത്തുക തന്നെ ചെയ്യും.

❋

# കെ.എം. റോയ്,

## സീനിയർ ജേർണലിസ്റ്റ്

ഇപ്പോൾ അതിവേഗം മാറ്റങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുന്നത് മനുഷ്യൻെറ മനസ്സാണ്. പ്രത്യേകിച്ച് യുവജനങ്ങളുടെ മനസ്സ്. പുതിയ നൂറ്റാണ്ട് പിറന്നിട്ട് അധിക കാലമായിട്ടില്ലെങ്കിലും പഴയ നൂറ്റാണ്ടിലെ യുവാവിൻെറ മനസ്സല്ല ഈ നൂറ്റാണ്ടിലെ യുവാവിനുള്ളത്. എന്തിന് പഴയ ദശകത്തിലെ മനസ്സല്ല പുതിയതായി പിറന്നിരിക്കുന്ന ദശകത്തിലെ മനസ്സ്. അതു കാണാൻ പലർക്കും കഴിയാത്തതാണ് ഈ വർത്തമാനകാലത്തെ ഏറ്റവും വലിയ പ്രശ്നം.

ആ മാറ്റങ്ങൾ മനസ്സിലാക്കുന്ന സ്വതന്ത്ര മനസ്സുള്ള ഒരെഴുത്തുകാരനാണിന്ന് കേരളത്തിനാവശ്യം. കേരളത്തിൻെറ ദൈനംദിന ജീവിതത്തെ സ്പർശിക്കുന്ന പ്രശ്നങ്ങളെ സംബന്ധിച്ച് എസ്. കാച്ചപ്പിള്ളി എന്ന ഈ എഴുത്തുകാരന് വ്യക്തമായ അഭിപ്രായങ്ങളുണ്ട്. ശരിയെന്നു താൻ കരുതുന്ന അഭിപ്രായങ്ങൾ കാച്ചപ്പിള്ളി തുറന്നു പറയുന്നു. ആത്മവഞ്ചനയില്ലാതെ തുറന്നു പറയുന്നു. ആ അഭിപ്രായങ്ങളോടു നിങ്ങളിൽ ചിലർ വിയോജിച്ചു എന്നു വരാം. കാരണം കാലത്തിനു നിരക്കാത്തതാണ് ആ അഭിപ്രായങ്ങൾ എന്ന് നിങ്ങൾക്ക് തോന്നുന്നതു കൊണ്ടാവാം. പക്ഷേ ശരിയാണെന്നു താൻ വിശ്വസിക്കുന്നതുകൊണ്ടു തന്നെ കാച്ചപ്പിള്ളി അത് തുറന്നു പറയുന്നു.

കേരളത്തിലെ വിദ്യാഭ്യാസമേഖലയെക്കുറിച്ചുള്ള കാച്ചപ്പിള്ളിയുടെ വിലയിരുത്തൽ പൂർണ്ണമായും ശരിയാണെന്ന് എനിക്ക് അഭിപ്രായമില്ല. കേരളത്തിൻെറ വിദ്യാഭ്യാസമേഖല മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് വലിയ വളർച്ച നേടുകയും മറ്റു സംസ്ഥാനങ്ങളുടെ മേൽ മേൽക്കോയ്മ സ്ഥാപിക്കുകയും ചെയ്തിരിക്കുന്നു എന്ന കണക്കുകൂട്ടൽ ശരിയല്ല. ഒരു കാലത്ത് ഇന്ത്യയിൽ

സർവ്വകലാശാലാ വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ മുന്നിട്ടു നിന്നിരുന്ന കേരളം ഇന്ന് ആ രംഗത്ത് ഏറെയേറെ പിന്നിലാണ്. സ്വകാര്യ വിദ്യാഭ്യാസ രംഗത്ത് വളർന്നു കൊണ്ടിരിക്കുന്ന കച്ചവട മനോഭാവത്തിന്റെ പ്രത്യാഘാതങ്ങളറിയാൻ കാത്തിരിക്കുകയേ നിവർത്തിയുള്ളൂ. സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ സംഭാവന ചെയ്യുന്ന നേട്ടങ്ങളെ വിലമതിക്കുമ്പോൾതന്നെ അത് സൃഷ്ടിക്കുന്ന കോട്ടങ്ങളുടെ നേരെ സമൂഹം മുഖം തിരിച്ചു കളയുന്നതും ആപൽക്കരമാണ്.


ഏതു രംഗത്ത് നമ്മുടെ നാട് പുരോഗതി കൈവരിച്ചാലും അതിൽ സാമൂഹ്യനീതി അവഗണിക്കപ്പെട്ടാൽ ആ വളർച്ച ലക്ഷ്യം കൈവിട്ട ഒന്നായി മാറുന്നു. അതുകൊണ്ടാണ് സാമ്പത്തിക ഉദാരവൽക്കരണത്തിലൂടെ എന്തു നേട്ടം കൈരിച്ചാലും ആ നേട്ടത്തിനു മനുഷ്യത്വത്തിന്റെ മുഖം നഷ്ടപ്പെട്ടുകൂടാ എന്ന് നല്ല സാമ്പത്തിക വിദഗ്ദർ നിഷ്ക്കർഷിക്കുന്നതും.

എസ് കാച്ചപ്പിള്ളിയുടേത് വ്യത്യസ്തമായ ഒരു സ്വരമാണ്. ജനാധിപത്യ വ്യവസ്ഥയിൽ വ്യത്യസ്ത സ്വരങ്ങളും നമുക്കു കേൾക്കേണ്ടതുണ്ടല്ലോ?

❋

# കേരളമോഡൽ പ്രതിസന്ധി

എസ്. കാച്ചപ്പിള്ളി



**ഡോ. കെ. ബാബു ജോസഫ്**
മുൻ വൈസ് ചാൻസലർ
കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല

എസ്. കാച്ചപ്പിള്ളിയുടെ പുസ്തകം വായിച്ചു. വിദ്യാഭ്യാസം, ആതുരശുശ്രൂഷ തുടങ്ങിയ മേഖലകളിൽ സ്വതന്ത്ര സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കണമെന്നും മുന്നോക്ക വിഭാഗങ്ങൾക്ക് അർഹമായ പരിഗണന കൊടുക്കണമെന്നുമാണ് പ്രധാനവാദങ്ങൾ. ജാതിയുടെ അടിസ്ഥാനത്തിലുള്ള സംവരണത്തോട് അദ്ദേഹം എതിരാണ്. സമകാലിക സാമൂഹിക യാഥാർത്ഥ്യവുമായി ഇണങ്ങാത്തതാണീ അഭിപ്രായങ്ങളെങ്കിലും ഇവയെ അവതരിപ്പിക്കുന്നതിൽ അദ്ദേഹം പ്രകടിപ്പിക്കുന്ന ആത്മാർത്ഥതയും നിർഭയത്വവും പ്രശംസനീയമാണ്. മിശ്രവിവാഹത്തെപോലും എതിർക്കുന്ന കാച്ചപ്പിള്ളി ദുർബല വിഭാഗങ്ങളോട് ഒട്ടും അനുകമ്പ ഇല്ലാത്ത ആളാണെന്ന് തെറ്റിദ്ധരിക്കപ്പെടാം, വാസ്തവം മറിച്ചാണെങ്കിലും.

ഒപ്പ്

ഡോ. കെ. ബാബു ജോസഫ്

23-02-2010
കൊച്ചി-682 022

വില 50 രൂപ

വിതരണം: സംസ്കാര, കൊച്ചി-682 509
Tel: 9446459784